# കുടുംബശ്രീ 21-ാം വാർഷികം

# അരങ്ങ് 2019

**കുടുംബശ്രീ**
**കലാ  കായിക മേള**
**(മാർഗ്ഗരേഖ)**

# കുടുംബശ്രീ കലാ കായികമേള

## അരങ്ങ് 2019

### ആമുഖം

സംസ്ഥാനത്ത് 2.77 ലക്ഷം അയൽക്കൂട്ടങ്ങളിലായി 43 ലക്ഷം സ്ത്രീകൾ അംഗങ്ങളായി പ്രവർത്തിക്കുന്നു. സാമ്പത്തിക ശാക്തീകരണത്തിനും സാമൂഹ്യ ശാക്തീകരണത്തിനും ഉതകുന്ന നിരവധി പ്രവർത്തനങ്ങൾ കുടുംബശ്രീ താഴെത്തലം മുതൽ നടത്തിവരുന്നു. സ്ത്രീകളുടെ വ്യക്തിത്വ വളർച്ചയിലും സാമൂഹ്യ പങ്കാളിത്തം ഗണ്യമായി വർദ്ധിപ്പിക്കുന്നതിനും ഈ പ്രവർത്തനങ്ങളിലൂടെ കഴിഞ്ഞിട്ടുണ്ട്. ഈ പ്രവർത്തനങ്ങളുടെ ഗതിവേഗം വർദ്ധിപ്പിക്കുന്നതിനും സർവ്വതല സ്പർശിയായ വികസനം ഉറപ്പാക്കുന്നതിനും ധൈഷണികവും കലാപരവും കായികവുമായ വികസനം അനിവാര്യമാണ്. രാജ്യത്തിനകത്തും പുറത്തുമായി സ്വയംസഹായ സംഘങ്ങൾ ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമിട്ട് പ്രവർത്തിയ്ക്കുന്നുണ്ട്. എന്നാൽ ഈ മാതൃകകളിൽ നിന്നും തുലോം വ്യത്യസ്തമാണ് കുടുംബശ്രീ സംവിധാനം. സ്വയം സഹായ സംഘങ്ങൾ സാമ്പത്തിക ശാക്തീകരണം മാത്രമാണ് ലക്ഷ്യം വെയ്ക്കുന്നത്. എന്നാൽ ദാരിദ്ര്യ നിർമ്മാർജ്ജനത്തിൽ സാമ്പത്തിക ശാക്തീകരണമെന്നത് പലഘടകങ്ങളിൽ ഒന്നു മാത്രമാണ് .സമൂഹത്തിൽ ക്രിയാത്മകമായി ഇടപെടുവാനുള്ള ശേഷിയും ദാരിദ്ര്യ നിർമ്മാർജ്ജനത്തെ സംബന്ധിച്ച് പ്രധാനമാണ്. അതുകൊണ്ടു തന്നെ കുടുംബശ്രീ ദാരിദ്ര്യ നിർമ്മാർജ്ജനത്തെ സമീപിയ്ക്കുന്നത് വ്യത്യസ്തമായിട്ടാണ്. അംഗങ്ങളുടെ സാമൂഹ്യ ശാക്തീകരണവും സ്ത്രീശാക്തീകരണവും സാമ്പത്തിക ശാക്തീകരണത്തോടൊപ്പം പ്രധാനമാണ്. അതുകൊണ്ടു തന്നെ മറ്റു ദാരിദ്ര്യ നിർമ്മാർജ്ജന മാതൃകകളിൽ നിന്നും വ്യത്യസ്തമായി അംഗങ്ങളുടെ സർവ്വതോമുഖമായ വികസനത്തിനായി നിരവധി പദ്ധതികൾ കുടുംബശ്രീ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. അതിൽ പ്രധാനപ്പെട്ടതാണ് അരങ്ങ് കലോത്സവം. ഒരു വ്യക്തിയെ സ്വയം പ്രകാശിപ്പിയ്ക്കുന്നതിനുള്ള ഉപാധിയാണ് കല. ജീവിത സാഹചര്യം മൂലം ഇത്തരം അവസരങ്ങൾ നിഷേധിക്കപ്പെടുന്നവരാണ് ദരിദ്രർ. ജീവിതത്തിൽ ആത്മവിശ്വാസം വർദ്ധിക്കുന്നതിനും ആത്മസംഘർഷങ്ങൾ ലഘൂകരിയ്ക്കുന്നതിലും കലയ്ക്ക് വലിയസ്ഥാനമുണ്ട്.

അതോടൊപ്പം കലയെ ഒരു ഉപജീവന/സംരംഭ പ്രവർത്തനമാക്കുന്നതിനും കുടുംബശ്രീയ്ക്ക് കഴിഞ്ഞിട്ടുണ്ട്. കലോത്സവങ്ങളിൽ പങ്കെടുത്ത അംഗങ്ങൾ ചേർന്ന് നിരവധി കലാ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ഈ ലക്ഷ്യ പ്രാപ്തിക്കായി സംസ്ഥാനത്തെ രണ്ടരലക്ഷം അയൽക്കൂട്ടങ്ങളെ പങ്കെടുപ്പിച്ചു കൊണ്ട് കലാ-കായികമത്സരങ്ങൾ മുൻ വർഷങ്ങളിൽ സംഘടിപ്പിച്ചിരുന്നു. ഈ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് ഒരു പൊതു നിയമാവലിയും പ്രവർത്തന ചട്ടക്കൂടും ആവശ്യമായതിനാൽ കുടുംബശ്രീ കലാ-കായിക മാന്വൽ കാലോചിതമായ പരിഷ്ക്കാരം വരുത്തി പുന:പ്രസിദ്ധീകരിക്കുന്നു.

അയൽക്കൂട്ട തലം മുതൽ സംസ്ഥാനതലം വരെ നടക്കുന്ന കുടുംബശ്രീ കുടുംബാഗങ്ങളുടെ ഈ മത്സരം **'അരങ്ങ്-2019'** എന്നപേരിലാണ് സംഘടിപ്പിക്കുന്നത്.

## അധ്യായം 1
## പൊതു നിർദ്ദേശങ്ങൾ

കലോത്സവ നടത്തിപ്പുമായി ബന്ധപ്പെട്ട പൊതു നിർദ്ദേശങ്ങളാണ് ഒന്നാമത്തെ അധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

1.01 **കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിൻ കീഴിൽ പ്രവർത്തിക്കുന്നതും മത്സര നോട്ടിഫിക്കേഷൻ പ്രസിദ്ധീകൃതമാകുന്ന ദിവസം വരെ അഫിലിയേഷൻ നേടിയതുമായ അയൽക്കൂട്ടങ്ങളിലെ അംഗങ്ങൾക്ക് മാത്രമേ മത്സരത്തിൽ പങ്കെടുക്കാൻ അവകാശം ഉണ്ടായിരിക്കുകയുള്ളു.**

1.02 **പ്രായംത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന പ്രകാരം ജൂനിയർ, സീനിയർ എന്നീ രണ്ട് തലങ്ങളിലായിരിക്കും കലാ-കായിക മത്സരം നടത്തുക. (കൂടുതൽ വിശദാംശങ്ങൾ അധ്യായം 3 ൽ കൊടുത്തിരിക്കുന്നു)**

| ജൂനിയർ | സീനിയർ |
|---|---|
| 18 – 35 (2019 ജനുവരിയിൽ പൂർത്തീകരിച്ച വയസ്സ്) | 36 – മുകളിലോട്ട് |

1.03 ജില്ലാ മിഷന്റെ അറിയിപ്പനുസരിച്ച് മത്സര വിജ്ഞാപനം പ്രസിദ്ധീകരിക്കേണ്ട ചുമതല സിഡിഎസ്സിനാണ്.

1.01 വ്യക്തിഗത മത്സരങ്ങളിൽ അയൽക്കൂട്ടത്തെ പ്രതിനിധീകരിച്ചും സംഘ ഇനങ്ങളിൽ ഒന്നോ അതിലധികം അയൽക്കൂട്ടങ്ങളിലെ/എഡിഎസ്സിലെ പ്രതിനിധികൾ ചേർന്നോ മത്സരങ്ങളിൽ പങ്കെടുക്കാവുന്നതാണ്.

1.02 എഡിഎസ് തല മത്സരങ്ങളാണ് പ്രാഥമിക ഘട്ടം. ഇതിൽ ഒന്നാം സ്ഥാനം നേടുന്ന വ്യക്തികളും സംഘങ്ങളും സിഡിഎസ് തല മത്സരത്തിൽ പങ്കെടുക്കുവാൻ അർഹത നേടും.

1.03 സിഡിഎസ്തല മത്സരത്തിൽ ഒന്നാം സ്ഥാനം നേടുന്നവർ/ സംഘങ്ങൾ താലൂക്ക്തല മത്സരത്തിൽ പങ്കെടുക്കും.

1.04 താലൂക്ക്തല മത്സരത്തിൽ ഒന്നാം സ്ഥാനം നേടുന്നവർ/ സംഘങ്ങൾ ജില്ലാതല മത്സരത്തിലേക്ക് അർഹത നേടും.

1.05 ജില്ലാതല മത്സരത്തിൽ ഒന്നാം സ്ഥാനം നേടുന്നവർ/ സംഘങ്ങൾ സംസ്ഥാനതല മത്സരത്തിലേക്ക് അർഹത നേടും.

1.06 സംസ്ഥാന തലത്തിൽ ഏറ്റവും കൂടുതൽ പോയിന്റ് ലഭിക്കുന്ന ജില്ല ഓവറോൾ ചാമ്പ്യൻ ട്രോഫിക്ക് അർഹതനേടുന്നതാണ്.

1.07 ഓരോ ഇനങ്ങളിലും താഴെക്കാണുന്ന വിധം പോയിന്റു ലഭിക്കുന്നതാണ്.

| വ്യക്തിഗതം | ലഭിക്കുന്ന മാർക്ക് |
|---|---|
| 1 -ാം സ്ഥാനം | 5 |
| 2 -ാം സ്ഥാനം | 3 |
| 3 -ാം സ്ഥാനം | 1 |
| **ഗ്രൂപ്പ്** | **ലഭിക്കുന്ന മാർക്ക്** |
| 1 -ാം സ്ഥാനം | 10 |
| 2 -ാം സ്ഥാനം | 5 |
| 3 -ാം സ്ഥാനം | 3 |

1.08 എഡിഎസ്/ സിഡിഎസ്തല മത്സരങ്ങൾക്ക് സംസ്ഥാന- ജില്ലാ മിഷനുകളിൽ നിന്നും സാമ്പത്തിക സഹായം ഉണ്ടാകുന്നതല്ല. തനതു ഫണ്ട്, പഞ്ചായത്ത്വക ധന സഹായം, സ്പോൺസർഷിപ്പ്, പരസ്യങ്ങൾ, അയൽക്കൂട്ടങ്ങളിൽ നിന്നുള്ള പ്രത്യേക ധനസഹായം എന്നീ മാർഗ്ഗങ്ങളിലൂടെ ടി തുക കണ്ടെത്തേണ്ടതാണ്.

1.09 സംസ്ഥാന ജില്ലാ താലൂക്ക്തല മത്സരങ്ങൾ സംഘടിപ്പിയ്ക്കുന്നതിനുള്ള ധനവിനിയോഗത്തെ സംബന്ധിച്ച് പ്രത്യേക ഉത്തരവ് പുറപ്പെടുവിയ്ക്കുന്നതാണ്.

**1.10 എ ഡി എസ്, സി ഡി എസ്തല മത്സരങ്ങൾക്കുള്ള ഫണ്ട് പ്രാദേശികമായി കണ്ടെത്തേണ്ടതാണ്.**

1.11 എല്ലാ മത്സര ഇനങ്ങൾക്കും സർട്ടിഫിക്കറ്റുകൾ നൽകുന്നതാണ്. എഡിഎസ്, സിഡിഎസ് തലത്തിലെ ഒന്ന്, രണ്ട്, സമ്മാനാർഹകൾക്ക് സർട്ടിഫിക്കറ്റുകൾ നൽകേണ്ട ചുമതല സിഡിഎസ്സിനും, താലൂക്കുതലത്തിലും ജില്ലാ തലങ്ങളിലും ജില്ലാ മിഷനും സംസ്ഥാന തലത്തിൽ സംസ്ഥാന മിഷനും നൽകുന്നതാണ്.

1.12 മത്സര ഇനങ്ങൾ വിലയിരുത്തുന്നതിന് അതാതു മേഖലയിൽ യോഗ്യരായവരെ മാത്രമേ വിധികർത്താക്കളാക്കാവൂ. ഇക്കാര്യത്തിൽ അതാതു തലത്തിലെ സംഘാടകരുടെ പ്രത്യേക ശ്രദ്ധ ഉണ്ടാവണം. മത്സരങ്ങളിൽ വിധി കർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും. വിധികർത്താക്കളെ നിയമിക്കുമ്പോൾ അവരുടെ ബയോഡേറ്റയും ഡിക്ലറേഷനും **അനുബന്ധത്തിൽ** കൊടുത്തിരിക്കുന്നതുപോലെ എഴുതി വാങ്ങണം. കലോത്സവ നടത്തിപ്പിന്റെ സംഘാടക സമിതിയുമായി

ആലോചിച്ച് ഓരോ മത്സരവും വിലയിരുത്തുന്നതിന് അതത് കലകളിൽ പ്രാവീണ്യമുള്ളവരെ ജഡ്ജിമാരായി നിയമിക്കേണ്ടതാണ്

**1.13** എഡിഎസ് തലത്തിലെ മത്സരവിജയികളുടെ ലിസ്റ്റ് രണ്ട് ദിവസത്തിനുള്ളിൽ മെമ്പർ സെക്രട്ടറിക്ക് നൽകേണ്ടതും സിഡിഎസ്തല മത്സര വിജയികളുടെ ലിസ്റ്റ് രണ്ട് ദിവസത്തിനകം ജില്ലാ മിഷനിൽ സമർപ്പിക്കേണ്ടതും, താലൂക്ക് തല വിജയികളുടെ ലിസ്റ്റ് രണ്ട് ദിവസത്തിനകം ജില്ലാ മിഷൻ കോർഡിനേറ്റർക്ക് സമർപ്പിക്കേണ്ടതും **ജില്ലാതല മത്സര വിജയികളുടെ ലിസ്റ്റ് രണ്ട് ദിവസത്തിനകം സംസ്ഥാന മിഷനിലെ kudumbashree@gmail.com എന്ന ഇ-മെയിലിലേയ്ക്ക് ജില്ലാ മിഷന്റെ മെയിൽ ഐഡിയിൽ നിന്നും മെയിൽ ചെയ്യണം.**

1.14 എഡിഎസ് തലം മുതൽ സംസ്ഥാന തലംവരെ കലോത്സവങ്ങളുടെ വിജയത്തിനായി അതാത് തലങ്ങളിൽ സംഘാടക സമിതി രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതാണ്.

**1.15 ഒരു മത്സരാർത്ഥി 3 വ്യക്തിഗത ഇനത്തിലും 2 ഗ്രൂപ്പിനങ്ങളിലും മാത്രമേ മത്സരിക്കാൻ പാടുള്ളൂ.**

1.16 എഡിഎസ് തല മത്സരത്തിൽ നിർബന്ധമായും എല്ലാ അയൽക്കൂട്ടത്തിന്റേയും പ്രാതിനിധ്യം ഉറപ്പുവരുത്തണം. ഇതിനായി നിശ്ചിത ദിവസത്തിന് മുമ്പ് കൃത്യമായ അറിയിപ്പുകൾ ബന്ധപ്പെട്ടവർ നൽകണം.

1.17 സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കുന്ന മത്സരാർത്ഥികളുടെ വിശദാംശം നിശ്ചിത ഫോർമാറ്റിൽ തയ്യാറാക്കി ഫോട്ടോ സഹിതം നിർദ്ദേശിക്കുന്ന ദിവസത്തിനുള്ളിൽ സംസ്ഥാന മിഷനിൽ സമർപ്പിക്കണം.

1.18 ചിത്രരചന, പ്രസംഗം എന്നീ മത്സര ഇനങ്ങൾക്ക് വിഷയം അതാത് തലങ്ങളിൽ തീരുമാനിക്കേണ്ടതാണ്.

1.19 നൃത്ത ഇനങ്ങൾക്ക് പിന്നണിയിൽ റിക്കോർഡ് ചെയ്ത ഗാനങ്ങൾ ഉപയോഗിക്കാവുന്നതാണ്.

1.20 എഡിഎസ് തല മത്സരാർത്ഥികൾ മത്സര തീയതിക്ക് ഒരു ദിവസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

1.21 കലോത്സവം പൂർണ്ണമായും ഹരിത പെരുമാറ്റ ചട്ടം അനുസരിച്ചായിരിക്കണം സംഘടിപ്പിക്കേണ്ടത്.

1.22 കലോത്സവ നടത്തിപ്പുമായി ബന്ധപ്പെട്ട കൊടുക്കൽ വാങ്ങലുകൾ /കരാറുകൾ സ്റ്റോർ പർച്ചേസ് നിയമങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും വിധേയമായി ചെയ്യേണ്ടതാണ്. എല്ലാ സാമ്പത്തിക ഇടപാടുകൾ കരാറുകാരന്റെ/ ഇടപാടുകാരന്റെ ബാങ്ക് അക്കൗണ്ടു വഴി നൽകേണ്ടതാണ്. 15000 രൂപയ്ക്ക് മുകളിലുള്ള പർച്ചേസുകൾ സ്റ്റോർ പർച്ചേസ് നിയമ പ്രകാരം നടത്തേണ്ടതാണ്.

**കുടുംബശ്രീ കലോത്സവം - നടത്തിപ്പ് സംബന്ധിച്ച നിബന്ധനകൾ**

1.21 എഡിഎസ് തലം മുതൽ സംസ്ഥാനതലം വരെ ഉള്ള കലോത്സവ സംഘാടന തീയതി ചുവടെ ചേർക്കുന്നു:-

| | | |
|---|---|---|
| എഡിഎസ്തലം<br>സിഡിഎസ്തലം<br>താലൂക്ക് | } | മെയ് 30 നകം |
| ജില്ലാതലം | - | 2019 ആഗസ്റ്റ് അവസാന വാരം |
| സംസ്ഥാനതലം | - | 2019 സെപ്തംബർ ആദ്യവാരം |

കുടുംബശ്രീ സംസ്ഥാന മിഷൻ നിർദ്ദേശിച്ചിരിക്കുന്ന തീയതികളിൽ കലോത്സവങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

# അദ്ധ്യായം-2

# കലോത്സവ സംഘാടനം

വിവിധ തലങ്ങളിൽ മത്സരം സംഘടിപ്പിക്കേണ്ടത് എപ്രകാരമെന്ന് ചുവടെ വിശദമാക്കുന്നു.

## A. എഡിഎസ്തല മത്സരം നടത്തിപ്പ് സംബന്ധിച്ച നിബന്ധനകൾ

2.01. ജില്ലാ മിഷനിൽ നിന്നും അറിയിക്കുന്ന പ്രകാരം നിശ്ചിത ദിവസത്തിനകം മത്സരം പൂർത്തീകരിക്കണം.

2.02. കലോത്സവം നടത്തിപ്പിനായി വാർഡ് മെമ്പർ രക്ഷാധികാരിയും എഡിഎസ് ചെയർപേഴ്സൺ ചെയർപേഴ്സണും, സെക്രട്ടറി കൺവീനറുമായുള്ള കമ്മിറ്റി രൂപീകരിക്കണം. കമ്മിറ്റി അംഗങ്ങളായി എഡിഎസ് കമ്മിറ്റി അംഗങ്ങൾ, മുൻ സിഡിഎസ് ഭാരവാഹികൾ എന്നിവരെ ഉൾപ്പെടുത്താവുന്നതാണ്.

2.03. മത്സരത്തിൽ പങ്കെടുക്കുന്നതിന് പ്രവേശന ഫീസ് ഈടാക്കാൻ പാടുള്ളതല്ല.

2.04 കലോത്സവ നടത്തിപ്പിന്റെ നിർവ്വാഹക സമിതിയുമായി ആലോചിച്ച് അതത് മേഖലയിൽ പ്രാവിണ്യമുള്ളവരെ ജഡ്ജ്മാരായി നിയമിക്കണം.

2.05 എല്ലാ മത്സരങ്ങളിലും ഒന്നാം സ്ഥാനം നേടിയവരെ മാത്രമേ സിഡിഎസ് തല മത്സരങ്ങളിൽ പങ്കെടുപ്പിക്കാൻ പാടുള്ളു.

2.06 ഏതെങ്കിലും ഇനത്തിൽ ഒരാൾ മാത്രമാണ് പങ്കെടുത്തതെങ്കിൽ ആ മത്സരാർത്ഥിയെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ മേൽതല മത്സരത്തിൽ പങ്കെടുപ്പിക്കാവുന്നതാണ്.

2.07 **സ്റ്റേജിതര മത്സരങ്ങളും വ്യക്തിഗത ഇനങ്ങളും മാത്രം എഡിഎസ് തലത്തിൽ നടത്തേണ്ടതുള്ളു. അതായത് വ്യക്തിഗത സ്റ്റേജ് ഇനങ്ങളായ ലളിതഗാനം, മാപ്പിളപ്പാട്, ഫാൻസി ഡ്രസ്സ്, നാടോടി നൃത്തം, മിമിക്രി, മോണോ ആക്ട്, കവിതാ പാരായണം, പ്രസംഗം എന്നിവയ്ക്കും സ്റ്റേജിതര ഇനങ്ങളായ ചിത്രരചന (പെൻസിൽ, ജലച്ഛായം), കഥാരചന (മലയാളം), കവിതാ രചന (മലയാളം), കർട്ടൂൺ എന്നിവയും എഡിഎസ് തലത്തിൽ മത്സരം നടത്തണം. എന്നാൽ മത്സരാർത്ഥികളുടെ എണ്ണത്തിനനുസരിച്ച് എ ഡി എസ്, സി ഡി എസ്തല മത്സര ക്രമം സംഘാടക സമിതിക്ക് തീരുമാനിക്കാവുന്നതാണ്.**

## B. സിഡിഎസ്തല മത്സരങ്ങൾ നടത്തിപ്പ് സംബന്ധിച്ച നിബന്ധനകൾ

2.08 എഡിഎസ്തല മത്സരങ്ങൾ പൂർത്തീകരിച്ച് ജില്ലാ മിഷൻ നിർദ്ദേശിച്ച സമയത്തിനുള്ളിൽ സിഡിഎസ്തല മത്സരം പൂർത്തീകരിക്കണം.

2.09 ഏതെങ്കിലും ഇനത്തിൽ ഒരാൾ മാത്രമോ, ഒരു സംഘമാത്രമേ ഉണ്ടെങ്കിൽ ആ വ്യക്തിയെ /സംഘത്തെ താലൂക്ക്തല മത്സരത്തിൽ പങ്കെടുപ്പിക്കാവുന്നതാണ്. സർട്ടിഫിക്കറ്റിന് മത്സരാർത്ഥി അർഹനായിരിക്കും.

2.10 സിഡിഎസ് തല മത്സരങ്ങളുടെ വിജയത്തിനായി തദ്ദേശ സ്ഥാപന മേലധികാരി രക്ഷാധികാരിയും സിഡിഎസ് ചെയർപേഴ്സൺ ചെയർപേഴ്സണായും മെമ്പർ സെക്രട്ടറി കൺവീനറായും നിർവ്വാഹക സമിതി രൂപീകരിക്കേണ്ടതാണ്. ഇതു കൂടാതെ ചുവടെ പരാമർശിക്കുന്ന സബ് കമ്മിറ്റികളും രൂപീകരിക്കണം.

പ്രോഗ്രാം കമ്മിറ്റി,

സ്വീകരണ കമ്മിറ്റി

സ്റ്റേജ്, പന്തൽ, ലൈറ്റ് & സൗണ്ട് കമ്മിറ്റി

രജിസ്ട്രേഷൻ കമ്മിറ്റി

മാധ്യമ/പ്രചരണ കമ്മിറ്റി

വെൽഫയർ കമ്മിറ്റി

അക്കോമൊഡേഷൻ കമ്മിറ്റി

ട്രാൻസ്പോർട്ടേഷൻ കമ്മിറ്റി

ഓരോ തലത്തിലും ആവശ്യമായ കമ്മിറ്റികൾ മാത്രം രൂപീകരിച്ചാൽ മതിയാകും. കമ്മിറ്റികളുടെ ചുമതലകൾ അധ്യായം 4 ൽ കൊടുത്തിരിക്കുന്നു.

2.11 **സംഘയിനങ്ങളുടെ പ്രാഥമികതലം സിഡിഎസ്തല മത്സരങ്ങളാണ്.**

2.12 എഡിഎസ്തല മത്സരങ്ങളുടെ ദ്വിതീയതലം സിഡിഎസ്തലമാണ്.

## C. താലൂക്ക്തല മത്സരങ്ങൾ നടത്തിപ്പ് സംബന്ധിച്ച നിബന്ധനകൾ

2.13 സിഡിഎസ്തല മത്സരങ്ങൾ പൂർത്തീകരിച്ച് സംസ്ഥാനമിഷൻ നിർദ്ദേശിച്ച സമയത്തിനുള്ളിൽ താലൂക്ക്തല മത്സരം പൂർത്തീകരിക്കണം.

2.14 ഏതെങ്കിലും ഇനത്തിൽ ഒരാൾ മാത്രമോ, ഒരു സംഘം മാത്രമേ പങ്കെടുക്കുന്നുള്ളുവെങ്കിൽ ആ വ്യക്തിയെ /സംഘത്തെ താലൂക്ക് തല മത്സരത്തിൽ പങ്കെടുപ്പിക്കാവുന്നതാണ്. സർട്ടിഫിക്കറ്റിന് മത്സരാർത്ഥി അർഹനായിരിക്കും.

2.15 താലൂക്ക്തല മത്സരങ്ങളുടെ വിജയത്തിനായി മത്സരം നടത്തുന്ന പ്രദേശത്തെ എംഎൽഎ രക്ഷാധികാരിയും പ്രസ്തുത പ്രദേശത്തെ ബ്ലോക്ക് പഞ്ചായത്ത് /നഗരസഭാ അദ്ധ്യക്ഷൻ ചെയർമാനും, എഡിഎംസി/ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ നിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥൻ കൺവീനറുമായി സംഘാടക സമിതി രൂപീകരിക്കണം. 2.10 പ്രകാരം വിവിധ കമ്മിറ്റികൾ രൂപീകരിക്കണം. പ്രസ്തുത പ്രദേശത്തെ സിഡിഎസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറിമാർ എന്നിവർ ടി കമ്മിറ്റിയിലെ അംഗങ്ങളായി ഉൾപ്പെടുത്തണം.

**D. ജില്ലതല മത്സരങ്ങൾ  നടത്തിപ്പ് സംബന്ധിച്ച നിബന്ധനകൾ**

2.16 താലൂക്ക്തല മത്സരങ്ങൾ പൂർത്തീകരിച്ച് സംസ്ഥാന മിഷൻ നിർദ്ദേശിച്ച സമയത്തിനുള്ളിൽ ജില്ലാതല മത്സരം പൂർത്തീകരിക്കണം.

2.17 ഏതെങ്കിലും ഇനത്തിൽ ഒരാൾ മാത്രമോ, ഒരു സംഘമാത്രമേ ഉണ്ടെങ്കിൽ ആ വ്യക്തിയെ /സംഘത്തെ സംസ്ഥാനതല മത്സരത്തിൽ പങ്കെടുപ്പിക്കാവുന്നതാണ്. സർട്ടിഫിക്കറ്റിന് മത്സരാർത്ഥി അർഹനായിരിക്കും.

2.18 ജില്ലാതല മത്സരങ്ങളുടെ വിജയത്തിനായി ജില്ലയെ പ്രതിനിധാനം ചെയ്യുന്ന  മന്ത്രി രക്ഷാധികാരിയായും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും, ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ കൺവീനറുമായി നിർവ്വാഹക സമിതി രൂപീകരിക്കേണ്ടതാണ്. പ്രോഗ്രാം കമ്മിറ്റി, സ്റ്റേജ് & സൗണ്ട് കമ്മിറ്റി, സ്വീകരണ കമ്മിറ്റി, ഫൈനാൻസ് കമ്മിറ്റി, ഭക്ഷണ കമ്മിറ്റി എന്നീ കമ്മിറ്റികൾ രൂപീകരിക്കണം. ജില്ലാതല ഉദ്യോഗസ്ഥർ ആയിരിക്കണം ടി കമ്മിറ്റിയുടെ കൺവീനർമാർ.

**E. സംസ്ഥാനതല മത്സരം**

2.19 ജില്ലാ മത്സരങ്ങൾ പൂർത്തീകരിച്ച് സംസ്ഥാന മിഷൻ നിശ്ചയിക്കുന്ന  ദിവസം സംസ്ഥാന കലോത്സവം സംഘടിപ്പിക്കണം.

2.20 ജില്ലയുടെ ചുമതലയുള്ള മന്ത്രി രക്ഷാധികാരിയായും മത്സരം നടക്കുന്ന സ്ഥലത്തെ എം എൽ എ ചെയർമാനായും ജില്ലാ മിഷൻ കോ ഓർഡിനേറ്റർ കൺവീനറായും നിർവ്വാഹക സമിതി രൂപീകരിക്കണം.

2.21 സബ്കമ്മിറ്റികളുടെ ചെയർമാന്മാരായി ജനപ്രതിനിധികളെയും കൺവീനർമാരായി ജില്ലാ മിഷൻ ഉദ്യോഗസ്ഥരെയും ചുമതലപ്പെടുത്തണം. ആതിഥേയ ജില്ലയിലെ സി ഡി എസ് ചെയർപേഴ്സന്മാർ, മെമ്പർ സെക്രട്ടറിമാർ, അക്കൗണ്ടന്റുമാർ, പിന്തുണാ ഗ്രൂപ്പ് അംഗങ്ങൾ എന്നിവരെ കമ്മിറ്റികളിൽ ഉൾപ്പെടുത്തണം.

2.21 മത്സരക്രമം വായിക്കാൻ കഴിയുന്ന വിധം വേദികളിൽ പ്രദർശിപ്പിക്കണം.

2.22 വിവിധ മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് പരമാവധി ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ മത്സരക്രമം ക്രമീകരിക്കാൻ ശ്രമിക്കണം.

2.23 സ്റ്റേജ് മാനേജർമാരെ മുൻകൂട്ടി നിശ്ചയിക്കുകയും ആവശ്യമായ പരിശീലനം നൽകുകയും വേണം.

2.24 **മത്സരങ്ങൾ പൂർണ്ണമായും വീഡിയോ ക്യാമറയിൽ പകർത്തണം.**

# അദ്ധ്യായം-3
# മത്സര ഇനങ്ങളും അപ്പീലുകളും

മത്സര ഇനങ്ങളുടെ ലിസ്റ്റും അപ്പീൽ വ്യവസ്ഥകളും ചുവടെ ചേർക്കുന്നു. ഇതു പ്രകാരമായിരിക്കണം മത്സരങ്ങൾ സംഘടിപ്പിക്കേണ്ടത്.

**<u>സ്റ്റേജ് ഇനങ്ങൾ</u>**

| നമ്പർ | ഇനങ്ങൾ | തരം | സമയം | പങ്കെടുക്കുന്നവരുടെ എണ്ണം | മത്സര തലം |
|---|---|---|---|---|---|
| 1. | ലളിതഗാനം | വ്യക്തിഗതം | 5 മി | 1 | എഡിഎസ് |
| 2. | മാപ്പിളപ്പാട്ട് | വ്യക്തിഗതം | 5 മി | 1 | എഡിഎസ് |
| 3. | ഫാൻസിഡ്രസ്സ് | വ്യക്തിഗതം | 2 മി | 1 | എഡിഎസ് |
| 4. | നാടോടിനൃത്തം | വ്യക്തിഗതം | 5 മി | 1 | എഡിഎസ് |
| 5. | മിമിക്രി | വ്യക്തിഗതം | 5 മി | 1 | എഡിഎസ് |
| 6. | മോണോ ആക്ട് | വ്യക്തിഗതം | 5 മി | 1 | എഡിഎസ് |
| 7. | കവിതാ പാരായണം (മലയാളം) | വ്യക്തിഗതം | 5 മി | 1 | എഡിഎസ് |
| 8. | കഥാപ്രസംഗം | വ്യക്തിഗതം | 15 മി | 1 | എഡിഎസ് |
| 9. | പ്രസംഗം | വ്യക്തിഗതം | 10 മി | 1 | എഡിഎസ് |
| 10. | തിരുവാതിര | ഗ്രൂപ്പ് | 10 മി | 10 | സിഡിഎസ് |
| 11. | ഒപ്പന | ഗ്രൂപ്പ് | 10 മി | 10 | സിഡിഎസ് |
| 12. | നാടകം | ഗ്രൂപ്പ് | 30 മി | 10 | സിഡിഎസ് |
| 13. | ശിങ്കാരിമേളം | ഗ്രൂപ്പ് | 10 മി | 10 മുതൽ 15 | സിഡിഎസ് |
| 14. | മാർഗ്ഗംകളി | ഗ്രൂപ്പ് | 10 മി | 7 | സിഡിഎസ് |
| 15. | സ്കിറ്റ് | ഗ്രൂപ്പ് | 10 മി | 10 | സിഡിഎസ് |
| 16. | മൈം | ഗ്രൂപ്പ് | 5 മി | 8 | സിഡിഎസ് |
| 17. | സംഘഗാനം | ഗ്രൂപ്പ് | 10 മി | 7 | സിഡിഎസ് |
| 18. | സംഘ നൃത്തം | ഗ്രൂപ്പ് | 10 മി | 7 | സിഡിഎസ് |
| 19. | നാടൻ പാട്ട് | ഗ്രൂപ്പ് | 10 മി | 7 | സിഡിഎസ് |

## സ്റ്റേജിതര ഇനങ്ങൾ

| നമ്പർ | ഇനങ്ങൾ | തരം | സമയം | പങ്കെടുക്കുന്നവരുടെ പരമാവധി എണ്ണം | മത്സര തലം |
|---|---|---|---|---|---|
| 1. | ചിത്രരചന (പെൻസിൽ) | വ്യക്തിഗതം | 60 മിനിറ്റ് | 1 | എഡിഎസ് |
| 2. | ചിത്രരചന (ജലചായം) | വ്യക്തിഗതം | 120 മിനിറ്റ് | 1 | എഡിഎസ് |
| 3. | കഥാരചന (മലയാളം) | വ്യക്തിഗതം | 90 മി | 1 | എഡിഎസ് |
| 4. | കാർട്ടൂൺ | വ്യക്തിഗതം | 60 മി | 1 | എഡിഎസ് |
| 5. | കവിതാ രചന (മലയാളം) | വ്യക്തിഗതം | 90 മി | 1 | എഡിഎസ് |
| 6. | കൊളാഷ് | വ്യക്തിഗതം | 120 മിനിറ്റ് | 1 | എഡിഎസ് |

**ജൂനിയർ, സീനിയർ വിഭാഗങ്ങൾക്ക് ബാധകമായ ഇനങ്ങൾ**

**സ്റ്റേജ് ഇനങ്ങൾ**

| നമ്പർ | ഇനങ്ങൾ | തരം | ബാധകമായ വിഭാഗം |
|---|---|---|---|
| 1 | ലളിതഗാനം | വ്യക്തിഗതം | ജൂനിയർ,സീനിയർ |
| 2 | മാപ്പിളപ്പാട് | വ്യക്തിഗതം | ജൂനിയർ,സീനിയർ |
| 3 | കവിതാ പാരായണം (മലയാളം) | വ്യക്തിഗതം | ജൂനിയർ,സീനിയർ |
| 4 | നാടോടിനൃത്തം | വ്യക്തിഗതം | ജൂനിയർ,സീനിയർ |
| 5 | മിമിക്രി | വ്യക്തിഗതം | ജൂനിയർ,സീനിയർ |
| 6 | മോണോ ആക്ട് | വ്യക്തിഗതം | ജൂനിയർ,സീനിയർ |
| 7 | ഒപ്പന | ഗ്രൂപ്പ് | ജൂനിയർ,സീനിയർ |
| 8 | മാർഗ്ഗംകളി | ഗ്രൂപ്പ് | ജൂനിയർ,സീനിയർ |
| 9 | സംഘ നൃത്തം | ഗ്രൂപ്പ് | ജൂനിയർ,സീനിയർ |
| 10 | കഥാപ്രസംഗം | വ്യക്തിഗതം | പൊതു വിഭാഗം |
| 11 | ഫാൻസിഡ്രസ്സ് | വ്യക്തിഗതം | പൊതു വിഭാഗം |
| 12 | പ്രസംഗം | വ്യക്തിഗതം | പൊതു വിഭാഗം |
| 13 | തിരുവാതിര | ഗ്രൂപ്പ് | പൊതു വിഭാഗം |

| | | | |
|---|---|---|---|
| 14 | നാടകം | ഗ്രൂപ്പ് | പൊതു വിഭാഗം |
| 15 | ശിങ്കാരിമേളം | ഗ്രൂപ്പ് | പൊതു വിഭാഗം |
| 16 | സ്കിറ്റ് | ഗ്രൂപ്പ് | പൊതു വിഭാഗം |
| 17 | മൈം | ഗ്രൂപ്പ് | പൊതു വിഭാഗം |
| 18 | സംഘഗാനം | ഗ്രൂപ്പ് | പൊതു വിഭാഗം |
| 19 | നാടൻ പാട്ട് | ഗ്രൂപ്പ് | പൊതു വിഭാഗം |

## സ്റ്റേജിതര ഇനങ്ങൾ

| നമ്പർ | ഇനങ്ങൾ | തരം | ബാധകമായ വിഭാഗം |
|---|---|---|---|
| 1 | ചിത്രരചന (പെൻസിൽ) | വ്യക്തിഗതം | പൊതു വിഭാഗം |
| 2 | ചിത്രരചന (ജലചായം) | വ്യക്തിഗതം | പൊതു വിഭാഗം |
| 3 | കഥാരചന (മലയാളം) | വ്യക്തിഗതം | പൊതു വിഭാഗം |
| 4 | കാർട്ടൂൺ | വ്യക്തിഗതം | പൊതു വിഭാഗം |
| 5 | കവിതാ രചന (മലയാളം) | വ്യക്തിഗതം | പൊതു വിഭാഗം |
| 6 | കൊളാഷ് | വ്യക്തിഗതം | പൊതു വിഭാഗം |

**അപ്പീലുകൾ**

3.01. എഡിഎസ് തല മത്സരങ്ങളുടെ അപ്പീൽ അധികാരി മെമ്പർ സെക്രട്ടറിമാർ ആയിരിക്കും.

3.02. സിഡിഎസ് തല മത്സരങ്ങളുടെ അപ്പീൽ അധികാരി ബ്ലോക്ക് കോ-ഓർഡിനേറ്റർമാർ ആയിരിക്കും.

3.03. താലൂക്ക്തല മത്സരങ്ങളുടെ അപ്പീൽ അധികാരി അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർ ആയിരിക്കും.

3.04. ജില്ലാതല മത്സരങ്ങളുടെ അപ്പീൽ അധികാരി ജില്ലയുടെ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ആയിരിക്കും.

3.05. സംസ്ഥാനതല മത്സരങ്ങളുടെ അപ്പീൽ അധികാരി കുടുംബശ്രീ ഡയറക്ടർ (എ & എഫ്) ആയിരിക്കും.

3.06. അതാത്തല മത്സരങ്ങളുടെ ഫലപ്രഖ്യാപനപത്തിനു ശേഷം, രണ്ട് മണിക്കൂറിനകം അപ്പീൽ സമർപ്പിച്ചിരിക്കണം.

3.07. താഴെപറയും പ്രകാരം അപ്പീൽ ഫീസ് ഈടാക്കണം.

എഡിഎസ് തലം - 200/- രൂപ

സിഡിഎസ് തലം - 300/- രൂപ

താലൂക്ക് തലം - 1000/- രൂപ

ജില്ലാ/സംസ്ഥാനതലം - 2500/- രൂപ

3.08. അപ്പീൽ അനുവദിക്കുന്ന പക്ഷം ടി തുക മത്സരാർത്ഥിക്ക് തിരികെ നൽകേണ്ടതാണ്. അപ്പീൽ അനുവദിക്കാത്ത പക്ഷം പ്രസ്തുത തുക അതാത് തലങ്ങളിലെ തനത് ഫണ്ടിലേയ്ക്ക് കൈമാറണം. താലൂക്ക്തല അപ്പീലുകളുടെ തുക ജില്ലാ മിഷന്റെ തനത് ഫണ്ടിലേയ്ക്ക് അടയ്ക്കണം.

3.10 അപ്പീൽ തുക കൈപ്പറ്റിയയതിനുള്ള രസീത് മത്സരാർത്ഥികൾക്ക് നൽകണം.

3.11. അപ്പീലധികാരികൾ അപ്പീലുകൾ ലഭിച്ച് രണ്ടു ദിവസത്തിനകം പ്രസ്തുത അപ്പീലിന് തീർപ്പ് ഉണ്ടാക്കണം. അപ്പീലുമായി ബന്ധപ്പെട്ട വിഷയത്തിലെ രണ്ട് വിദഗ്ദ്ധരുടെ (വിധിനിർണ്ണയകർത്താക്കൾ പാടില്ല) സേവനം പ്രയോജനപ്പെടുത്തിവേണം അന്തിമ തീരുമാനം കൈകൊള്ളേണ്ടത്. ആവശ്യമുള്ള പക്ഷം മത്സരാർത്ഥികളിൽ നിന്നും നേരിട്ട് തെളിവ് സ്വീകരിക്കാവുന്നതാണ്. എഡിഎസ് തലം മുതൽ താലൂക്ക്തലംവരെയുള്ള മത്സരങ്ങൾക്ക് മൂല്യനിർണ രേഖ പരിശോധിച്ചതിനുശേഷം അന്തിമവിധി നൽകാവുന്നതാണ്. **എന്നാൽ ജില്ലാ/സംസ്ഥാനതലങ്ങളിൽ മുഴുവൻ പരിപാടികളുടെയും വീഡിയോ റിക്കാർഡ് ചെയ്യണം. ഈ തലങ്ങളിൽ തെളിവായി ഇത് ഉപയോഗിക്കാവുന്നതാണ്.**

# അദ്ധ്യായം-4
# കലാമത്സരങ്ങൾ - പൊതുനിർദ്ദേശങ്ങൾ

**1. ലളിതഗാനം**

ആലാപനത്തിൽ ലാളിത്യം പാലിക്കണം. സ്വരങ്ങൾ പരമാവധി ഒഴിവാക്കി ശുദ്ധസാഹിത്യത്തിലും സംഗീതത്തിലുംശുദ്ധ സംഗീതത്തിലുമുള്ളതാവണം ഗാനം. പരമാവധി സമയം 5 മിനിറ്റ്.

**2. മാപ്പിളപ്പാട്ട്**

പാട്ടിന്റെ തെരഞ്ഞെടുപ്പിൽ ശ്രദ്ധിക്കണം. ഇസ്ലാമിക ചരിത്ര സംഭവങ്ങളെ അടിസ്ഥാനമാക്കി സങ്കരഭാഷയിൽ പ്രാസനിബദ്ധമായി എഴുതപ്പെട്ട പാട്ടുകളാണ് യഥാർത്ഥ മാപ്പിളപ്പാട്ടുകൾ. ഉദാ: പടപ്പാട്ട്, ബിസപ്പാട്ട്. തനതായ ശൈലിയിൽ (ഈണത്തിൽ) ആണ് പാടേണ്ടത്. അവതരണത്തിനുമുമ്പ് ഇശൽ പറയണം. കവിയെക്കുറിച്ചും കവിതയെക്കുറിച്ചും ചുരുക്കിപ്പറയാം.

പരമാ വധി സമയം 5 മിനിറ്റ്.

**3. ഫാൻസി ഡ്രസ്സ്**

വേഷപ്രച്ഛന്നത ആണ് ഫാൻസിഡ്രസ്സിന്റെ മുഖമുദ്ര. തെരഞ്ഞെടുക്കുന്ന കഥാപാത്രങ്ങൾക്ക് അനുസരിച്ചുള്ള വേഷം, മേക്കപ്പ്, ചലനം, അഭിനയം എന്നിവ ഉണ്ടാകണം. ആവശ്യമെങ്കിൽമാത്രം പശ്ചാത്തലസംഗീതമോ മറ്റു സംവിധാനങ്ങളോ ആവാം. അത്യാവശ്യമെങ്കിൽ കഥാപാത്രത്തിന് വാചികാഭിനയമാകാം. നടന് തീരെ പ്രാധാന്യമില്ലാത്തവിധം ഫുൾമാസ്കിംഗ് പാറ്റേൺ ഒഴിവാക്കണം

പരമാവധി സമയം 2 മിനിറ്റ്.

**4. നാടോടി നൃത്തം**

നാടോടി പാരമ്പര്യത്തിലുള്ള ആശയങ്ങളുള്ള പാട്ടുകളായിരിക്കും ഉചിതം.പാട്ടിന് ചേരുന്ന ആർഭാടരഹിതമായ വേഷമായിരിക്കണം. പാട്ടിന്റെ സാഹിത്യം കേൾക്കാനാവത്തവിധത്തിലുള്ള അമിതസംഗീതമാവരുത്. പാട്ടിനനുസരിച്ചുള്ള ചുവടുകളും അഭിനയവും ഉണ്ടാകണം. അനാവശ്യമായ പ്രോപ്പർട്ടികൾ ഒഴിവാക്കുക. സി ഡി ഉപയോഗിക്കാം.

പരമാവധി സമയം 5 മിനിറ്റ്.

**5. മിമിക്രി**

ശബ്ദാനുകരണത്തിന്റെ പൂർണ്ണതയാണ് മിമിക്രിയുടെ കാതൽ. അഭിനയവും അനുകരണവും ഒത്തുചേർന്നുള്ള ആയാസരഹിതമായ അനുഭവം വേദിയിൽ സൃഷ്ടിക്കണം. ചെയ്യുന്ന കഥാപാത്രങ്ങൾക്കനുസൃതമായി ശരീരം കൊണ്ടും ശബ്ദം കൊണ്ടുമുള്ള മാനറിസത്തിന് ഊന്നൽ നൽകണം.ഒരു സംഭവത്തെയോ വ്യത്യസ്ത സംഭവ

ങ്ങളുടെയോ അവസ്ഥകളെയോ ക്രമമായി ഒരു ചരടിൽ കോർത്തിണക്കിയതുപോലെയുള്ള അവതരണമായിരിക്കും ഉത്തമം.

ഒരാൾ മാത്രം പങ്കെടുക്കുന്ന മിമിക്രി മത്സരത്തിന്റെ പരമാവധി അവതരണസമയം 5 മിനിറ്റാണ്.

**6. മോണോആക്ട്**

ഏതെങ്കിലും ഒരു കഥയോ കഥാംശമോ സംഭവങ്ങളോ അവസ്ഥകളോ ക്രമപ്പെടുത്തി രംഗത്ത് ഒരാൾ തന്നെ അവതരിപ്പിച്ച് പ്രേക്ഷകനുമായി സംവദിക്കുന്നതാണ് ഏകാഭിനയം. കഥാപാത്രങ്ങളുടെ പാത്രവത്ക്കരണത്തിലൂന്നി അഭിനയസാദ്ധ്യതകൾക്ക് മുൻതൂക്കം നൽകി ചിട്ടയായി അവതരിപ്പിക്കണം.ആംഗിക വാചിക പസ്വാതിക അഭിനയത്തിൽ മിതത്വവും സ്വാഭാവികതയും വിശ്വസനീയതയും ഉണ്ടാകുന്ന രൂപത്തിലായിരിക്കണം അവതരണം. വിഷയത്തേക്കാൾ നാട്യാഭിനയത്തിന് പ്രാധാന്യം നൽകണം. പ്രോപ്പർട്ടിയോ മ്യൂസിക്കോ ഉപയോഗിക്കാൻ പാടില്ല.

പരമാവധി അവതരണസമയം 5 മിനിറ്റ്

**7. കവിതാപാരായണം**

കവിയെക്കുറിച്ചും കവിതയെക്കുറിച്ചും ചുരുക്കം വാക്കുകളിൽ ആമുഖം പറായാം. കവിത മന:പാഠമായിരിക്കണം.ഈണത്തിന് പ്രാധാന്യമില്ല. കവിതയുടെ ഭാവം ഉൾക്കൊണ്ടുകൊണ്ട് ഭാഷാശുദ്ധിയോടെയും സാഹിത്യശുദ്ധിയോടെയും ചൊല്ലണം. കവിതയുടെ തെരഞ്ഞെടുപ്പിലും പ്രാധാന്യമുണ്ട്. പഴയകവിതളോ ആധുനികകവിതകളോ ആലപിക്കാം.

പരമാവധി അവതരണ സമയം 5 മിനിറ്റ്.

**8. പ്രസംഗം**

10 മിനിറ്റിനുമുമ്പ് മാത്രമാണ് വിഷയം നൽകുക. വിഷയത്തെ അധികരിച്ച്, വിഷയത്തിന്റെ എല്ലാ തലങ്ങളെയും വിശകലനം ചെയ്ത് ക്രമപ്പെടുത്തി അവതരിപ്പിക്കണം. വിഷയത്തോടൊപ്പം പ്രസംഗശൈലിക്കും പ്രാധാന്യം ഉണ്ട്. ഉച്ചാരണശുദ്ധിയോടെ ആവർത്തനമില്ലാതെയുള്ള നിർഗ്ഗളമായ ഭാഷണമായിരിക്കണം. ശരീരഭാഷയ്ക്കും പ്രാധാന്യമുണ്ട്.

പരമാവധി അവതരണ സമയം 10 മിനിറ്റ്.

**9. തിരുവാതിര**

കേരളീയത്തനിമയുള്ള വേഷമായിരിക്കണം. ഗണപതി, സരസ്വതി, പദം, കുമ്മി, കുറത്തി, വഞ്ചിപ്പാട്ട്, എന്നീ ഘട്ടങ്ങൾ പാടിക്കളിക്കണം. നൃത്തച്ചുവടുകളും മുദ്രകളും ഒഴിവാക്കി തിരുവാതിരയ്ക്കനുയോജ്യമായ വ്യത്യസ്ത ചുവടുകളും ചലനങ്ങളും വേണം. 8 പേർ മുതൽ പരമാവധി 10 പേർ വരെ കളിക്കാനും 2 പേർ തിരുവാതിര

വേഷത്തിൽ പിന്നണി പാടാനുമുണ്ടാവണം. നിറപറയും നിലവിളക്കം സംഘാടകർ നൽകും.

പരമാവധി അവതരണ സമയം 10 മിനിറ്റ്.

**10. ഒപ്പന**

പരമ്പരാഗതമായ പാട്ടുകളാണ് ഒപ്പനയ്ക്ക് ഉപയോഗിക്കേണ്ടത്. പ്രവാചകരുടെയും അവരുടെ പത്നിമാരുടെയും മറ്റും ചരിത്രസംഭവങ്ങൾ കോർത്തിണക്കി സങ്കരഭാഷ യിൽ എഴുതപ്പെട്ടിട്ടുള്ള പാട്ടുകളാണ് ഒപ്പനപ്പാട്ടുകൾ. മണവാട്ടിയും 6 തോഴിമാരും 3 പാട്ടുകാരും ചേർന്ന് പരമാവധി 10 പേർ വരെയാകാം. മുൻപാട്ടുകാരി പാടക്കൊടു മ്പോൾ മറ്റ് രണ്ട് പിൻപാട്ടുകാർ കൈയ്യടിത്താളത്തോടെ ഏറ്റ് പാടണം.പാട്ടിന്റെ ഭാവ മുൾക്കൊണ്ടുകൊണ്ട് മണവാട്ടിയും തോഴിമാരും കളിക്കണം. വിരുത്തത്തിൽ തുടങ്ങി ചായൽ, ഇരട്ടച്ചായൽ, മുറുക്കം, ഇരട്ടമുറുക്കം തുടങ്ങി വ്യത്യസ്ത രീതിയിൽ ചുവടു കളുടെയും ചലനങ്ങളുടെയും അകമ്പടിയോടെ അവതരിപ്പിച്ച് മംഗളം പാടി അവസാ നിപ്പിക്കണം.കാച്ചിമുണ്ടും വെള്ളക്കുപ്പായവും വെള്ളത്തട്ടവുമാണ് തോഴിമാരുടെയും പാട്ടുകാരുടെയും വേഷം. നരിയാണിക്ക് മുകളിൽവച്ച് വേണം മുണ്ടുടുക്കാൻ. തല മുടി അൽപ്പം പോലും പുറത്ത് കാണരുത്. മുഖത്തെ ചായം അധികമാകാതെ(വികൃ തമാകാതെ) മേക്കപ്പ് ചെയ്യണം. സി ഡി ഉപയോഗിക്കാം. എന്നാൽ നേരിട്ട് പാടുന്ന തിന് പ്രത്യേകം സ്കോർ ഉണ്ട് എന്നുള്ളത് ഓർമ്മിക്കണം.

പരമാവധി അവതരണ സമയം 10 മിനിറ്റ്.

**11. നാടകം**

പരമാവധി 10 പേർക്ക് അഭിനയിക്കാനായി വേദിയിലെത്താം. 3 പേർക്ക് വരെ പിന്ന ണിയിലും പ്രവർത്തിക്കാം. വ്യക്തിഹത്യ, രാജ്യത്തിന്റെ അഖണ്ഡതയെത്തകർക്കൽ എന്നിവ കഥാംശത്തിലുണ്ടാകരുത്. മുൻകർട്ടൻ, പിൻകർട്ടൻ, വേദിയിലേയ്ക്ക് ആവ ശ്യമായ വെളിച്ചം, ഷുവർ മൈക്ക്, ശബ്ദസംവിധാനങ്ങൾ എന്നിവ മാത്രമേ സംഘാ ടകർ നൽകുകയുള്ളൂ. അവതരണത്തിനാവശ്യമായ മറ്റ് രംഗസംവിധാനങ്ങളും സാമ ഗ്രികളും ടീമുകൾ കൊണ്ടുവരേണ്ടതാണ്. ആർഭാടം ഒഴിവാക്കി അഭിനയത്തിന് പ്രാധാന്യം നൽകി ഒരു സന്ദേശം പ്രേക്ഷകനിലേയ്ക്ക് സന്നിവേശിപ്പിക്കാനുതകുന്ന താവണം നാടകാവതരണം. നാടകമത്സരമാരംഭിക്കുന്നതിന് 2 മണിക്കൂർ മുമ്പ് ടീമു കൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

അവതരണത്തിന് പരമാവധി സമയം 30 മിനിറ്റും രംഗക്രമീകരണത്തിന് 10 മിനിറ്റും നൽകും.

**12. ശിങ്കാരിമേളം**

ഏറ്റവും കുറഞ്ഞത് 4 വീക്ക് ചെണ്ട, 4 ഇലത്താളം എന്നിവയാണ് ശിങ്കാരിമേളത്തിനുണ്ടാവേണ്ടത്. മറ്റ് വാദ്യോപകരണങ്ങൾ പാടില്ല. 12 മുതൽ 16 പേർ വരെ ഒരു ടീമിൽ അംഗങ്ങളാകാം. ഉപകരണങ്ങൾ മത്സരാർത്ഥികൾ കൊണ്ടുവരണം. –

പരമാവധി അവതരണ സമയം 10 മിനിറ്റ്.

**13. മാർഗ്ഗം കളി**

പിൻപാട്ടുകാരി പാടിക്കൊടുമ്പോൾ കളിക്കുന്നവർ പാടിക്കളിക്കണം. താളത്തിന് കൈമണി (കുഴിത്താളം, ഇലത്താളം) ഉപയോഗിക്കാം. കോടിനിറത്തിലുള്ള ചട്ടയും മുണ്ടും(പാരമ്പര്യ സുറിയാനി കൃസ്ത്യാനികളുടെ വേഷം) ആണ് വേഷം. വിളക്ക് സംഘാടകർ നൽകും. പിൻപാട്ടുകാർ ഉൾപ്പെടെ 7 മുതൽ 12 പേർ വരെയാകാം.

പരമാവധി അവതരണ സമയം 10 മിനിറ്റ്.

**14. സ്കിറ്റ്**

ഒരു കഥാംശത്തെയോ ഒരു സംഭവത്തെയോ ഒരു ശീർഷകത്തെയോ ഒരവസ്ഥയെയോ വളരെ മനോഹരമായ് മുഹൂർത്തങ്ങളിലൂടെ സാമൂഹികവും രാഷ്ട്രീയവും മാനസികവുമായ വീക്ഷണകോണിലൂടെ വരച്ചുകാട്ടുന്ന ആക്ഷേപഹാസ്യ രൂപകമാണ് സ്കിറ്റ്. ചിരിക്കാനും ചിന്തിപ്പിക്കുവാനുമുള്ള എലമെന്റ്സുകൽ സ്കിറ്റിലുണ്ടാവണം. പിന്നണി മ്യൂസിക്കാവാം. പരമാവധി 7 പേർ മാത്രമേ രംഗത്ത് വരാവൂ. പിന്നണിയിൽ 2 പേർക്ക് സഹായികളായി പ്രവർത്തിക്കാം.

പരമാവധി അവതരണ സമയം 10 മിനിറ്റ്.

**15.മൈം**

മുഖത്തെ മറയ്ക്കുന്ന മാസ്ക് (ചായവു വേഷവും) അഭിനയ സംവേദനത്തിന് ഉതകുന്നതാവണം. പരമാധി 8 പേർ രംഗത്തും ഒരാൾക്ക് പിന്നണിയിലും പ്രവർത്തിക്കാം. മ്യൂസിക് അകമ്പടിയാവാം. എന്നാൽ മനുഷ്യശബ്ദങ്ങൾ, വായ കൊണ്ടുള്ള ശബ്ദങ്ങൾ എന്നിവ ഉണ്ടാവരുത്. അഭിനയ സാദ്ധ്യതൾക്ക് പ്രസരിപ്പി കൂട്ടുവാൻ വായതുറന്നുള്ള അഭിനയമാവാം. മൈം എലമെന്റ്സുള്ള സ്ക്രിപ്റ്റുകൾ അവതരണത്തിനായി തെരഞ്ഞെടുക്കണം. മൂകാഭിനയത്തിൽ ആംഗിക-സാത്വിക-ആഹാര്യാഭിനയമാണ് വേണ്ടത്. കഥാംശം വ്യക്തിഹത്യയോ രാജ്യ അഖണ്ഡതയെ തകർക്കുന്നരൂപത്തിലുള്ളതുമാവരുത്. വ്യക്തയുള്ള ശരീരഭാഷയും ആശയസംവേദനക്ഷമതയുമുണ്ടാവണം. മുഖത്തെഴുത്തിലും വേഷത്തിലും വൃത്തിയും ലാളിത്യവും നന്ന്. അതിവേഗത ആംഗികാഭിനയത്തിന്റെ ക്ലാരിറ്റി നഷ്ടമാക്കും.

പരമാവധി അവതരണ സമയം 5 മിനിറ്റ്.

**16. കഥാപ്രസംഗം**

കാഥികയെക്കൂടാതെ പിന്നണിയിൽ 4 പേർക്ക് പങ്കെടുക്കാം. തബല, ഹാർമോണിയം, ഇഫക്ട് എന്നിവയ്ക്ക് പ്രാധാന്യമുണ്ട്.

അവതരണസമയം പരമാവധി 15 മിനിറ്റ്.

**17. സംഘഗാനം**

ദേശീയത, ഭാഷാമഹത്വം, ഗ്രാമീണത തുടങ്ങിയ സന്ദേശമുൾക്കൊള്ളുന്ന 10 മിനിറ്റ് ദൈർഘ്യമുള്ള ഒരു പാട്ട് തെരഞ്ഞടുക്കുന്നതാണുത്തമം. പാട്ടിൽ പാർട്ട്സ്, കൗണ്ടർ, സെക്കൻഡ്സ് തുടങ്ങിയ അനുബന്ധ ട്യൂണുകൾ ഉപയോഗിക്കാവുന്നതാണ്. സാഹിത്യം വ്യക്തമാകുന്നവിധം ആലപിക്കേണ്ടതാണ്. ശ്രുതിബോക്സും കൈത്താളങ്ങളും (ടൈമിംഗ്സ്) ഉപയോഗിക്കാം.

അവതരണസമയം പരമാവധി 10 മിനിറ്റ്.

**18. സംഘനൃത്തം**

ഒരു തീം (ആശയം) കഥ, സന്ദർഭം എന്നിവയിലേതെങ്കിലുമൊന്നിനെ ആസ്പദമാക്കി ഒരു പാട്ട് തെരഞ്ഞെടുക്കണം. സംഗീതഉപകരണങ്ങളുടെ ആധിക്യം കുറച്ച് സാഹിത്യം വ്യക്തമാകുന്ന രൂപത്തിലുള്ള പാട്ടുകളാവണം.അവതരണത്തിൽ ഒരു സന്ദേശമുണ്ടാവണം. പാട്ടിനനുസരിച്ചുള്ള വേഷവും ചുവടുകളും ചലനങ്ങളുമുണ്ടാവണം.വേഷത്തിലെ ആർഭാടവും അനാവശ്യ പ്രോപ്പർട്ടികളും ഒഴിവാക്കണം. 7 മുതൽ 10 പേർക്കുവരെ ഒരു സംഘത്തിൽ പങ്കെടുക്കാം.

പരമാവധി അവതരണ സമയം 10 മിനിറ്റ്.

**19. നാടൻപാട്ട്**

പാട്ടുകളുടെ തെരഞ്ഞെടുപ്പിൽ ശ്രദ്ധിക്കണം. പ്രാദേശിക വൈവിദ്ധ്യമുള്ള വാമൊഴിപ്പാട്ടുകൾ തെരഞ്ഞെടുക്കണം. പാട്ടിന്റെ തരവും ചരിത്രവും ചുരുങ്ങിയവാക്കുകളിൽ ആമുഖമായി പറയാം. നാടൻ വാദ്യോപകരണങ്ങൾഉപയോഗിക്കാം. അനാവശ്യമായ പ്രോപ്പർട്ടികൾ ഒഴിവാക്കണം.വേഷം, പ്രോപ്പർട്ടികൾ എന്നിവയെക്കാളുപരി പാട്ടിനാണ് പ്രാധാന്യമെന്നോർക്കുക.

പരമാവധി അവതരണ സമയം 10 മിനിറ്റ്.

**20. ചിത്രരചന ( പെൻസിൽ)**

പേപ്പർ മാത്രമേ സംഘാടകർ നൽകുകയുള്ളൂ. വിഷയം തൽസമയം നൽകും. പെൻസിൽ മാത്രമുപയോഗിച്ച് വിഷയത്തെ അധികരിച്ച് ചിത്രം വരയ്ക്കണം.

പരമാ വധി സമയം 1 മണിക്കൂർ.

**21. ചിത്രരചന (ജലച്ചായം)**

പേപ്പർ മാത്രമേ സംഘാടകർ നൽകുകയുള്ളൂ. വിഷയം തൽസമയം നൽകും.മറ്റ് സാമഗ്രികൾ മത്സരാർത്ഥികൾ കൊണ്ടുവരണം. വെള്ളത്തിൽ ചായം കലക്കി (വാട്ടർകളർ) പെയിന്റ് ചെയ്യുന്നതാണ് മാധ്യമം.

പരമാവധി സമയം 2 മണിക്കൂർ.

**22. കാർട്ടൂൺ**

പേപ്പർ മാത്രമേ സംഘാടകർ നൽകുകയുള്ളൂ. വിഷയം തൽസമയം നൽകും. കറുപ്പുമഷിയുള്ള പേനയോ ബ്രഷോ ഉപയോഗിക്കാം.വിഷയബന്ധിതമായ ആശയസമ്പുഷ്ടിയുള്ള ചിത്രീകരണമാവണം.

പരമാവധി സമയം 1 മണിക്കൂർ.

**23. കൊളാഷ്**

പേപ്പർ മാത്രമേ സംഘാടകർ നൽകുകയുള്ളൂ. വിഷയം തൽസമയം നൽകും. പേപ്പർ, ഇലകൾ, മറ്റ് പാഴ് വസ്തുക്കൾ എന്നിവയുപയോഗിച്ച് നൽകുന്ന വിഷയത്തെ അധികരിച്ച് രൂപങ്ങൾ ക്രമീകരിച്ച് ഒട്ടിക്കണം. കത്രിക, ബ്ലേഡ് എന്നിവ ഉപയോഗിക്കാൻ പാടില്ല.

പരമാവധി സമയം 2 മണിക്കൂർ.

**24. കഥാരചന**

പേപ്പർ സംഘാടകർ നൽകും. വിഷയം തൽസമയം നൽകുന്നതാണ്. കഥ മൗലികമാവണം. കയ്യക്ഷരത്തിൽ പ്രത്യേക ശ്രദ്ധവേണം. കഥയ്ക്ക് ചേരുന്ന ശീർഷകം നൽകണം.

പരമാവധി സമയം ഒന്നര മണിക്കൂർ.

**25. കവിതാരചന**

പേപ്പർ സംഘാടകർ നൽകും. തൽസമയം നൽകുന്ന വിഷയത്തിന്റെ അടിസ്ഥാനത്തിലാണ് കവിത രചിക്കേണ്ടത്. കുറഞ്ഞത് 20 വരികളെങ്കിലുമുണ്ടാവണം. കവിതയ്ക്ക്ചേരുന്ന ശീർഷകം നൽകണം.

പരമാവധി സമയം ഒന്നര മണിക്കൂർ

# മുല്യനിർണയോപാധികൾ
# വ്യക്തിഗത ഇനങ്ങൾ

| ക്രമ നം. | മത്സര ഇനങ്ങൾ | മാനദണ്ഡം | മാർക്ക് |
|---|---|---|---|
| 1. | ചിത്ര രചന (പെൻസിൽ) | വിഷയാവിഷ്കാരം | 20 |
| | | സംവിധാനം (കോമ്പോസിഷൻ) | 20 |
| | | പ്രയോഗ സാമർത്ഥ്യം | 20 |
| | | രേഖകളുടെയും ഇരുൾവെളിച്ചങ്ങളുടെയും സവിശേഷത | 20 |
| | | പൂർണ്ണത | 20 |
| 2. | ചിത്ര രചന (ജലച്ചായം) | വിഷയാവിഷ്കാരം | 20 |
| | | സംവിധാനം (കോമ്പോസിഷൻ) | 20 |
| | | വർണ്ണാവിഷ്ക്കാരം | 20 |
| | | ഭാവനാവൈഭവം | 20 |
| | | പൂർണ്ണത | 20 |
| 3. | കഥാരചന | ഭാഷ | 20 |
| | | സർഗ്ഗാത്മകതയും ഭാവനയും | 20 |
| | | കഥാപാത്ര സന്നിവേശം | 20 |
| | | പ്രതിപാദന രീതി | 20 |
| | | ആവിഷ്ക്കാര ഭംഗി | 20 |
| 4. | കവിതാ രചന | ഭാഷയുടെയും ഭാവനയുടെയും ഒത്തുചേരൽ | 20 |
| | | ആശയ വിന്യാസം | 20 |
| | | കവിതയുടെ ഒഴുക്കും താളവും | 20 |
| | | മൗലികമായ രൂപ ഭംഗി | 20 |
| | | ആവിഷ്ക്കാര രീതി | 20 |
| 5. | കവിതാപാരായണം | മന:പാഠം | 20 |
| | | ഭാവാത്മകമായ ആലാപനം | 20 |
| | | സാഹിത്യ ശുദ്ധി | 20 |
| | | താളം | 20 |
| | | അവതരണം | 20 |
| 6. | കാർട്ടൂൺ | വിഷയത്തോടുള്ള നീതി പുലർത്തൽ | 20 |
| | | രചനാശൈലി | 20 |
| | | ആക്ഷേപഹാസ്യസാമൂഹ്യ വിമർശനം | 20 |
| | | സംവിധാനം | 20 |
| | | നർമ്മബോധം | 20 |
| 7. | പ്രസംഗം | സഭാകമ്പമില്ലാതെ സംസാരിക്കാനുള്ള കഴിവ് | 20 |
| | | അക്ഷര സ്ഫുടതയും ഭാഷാ ശുദ്ധിയും | 20 |
| | | ആശയ സ്ഫുടത | 20 |
| | | ധാരാവാഹിത്വവും നിർഗ്ഗളതയും | 20 |
| | | സന്ദർഭോചിതമായ ശബ്ദ നിയന്ത്രണവും ശരീരഭാഷയും | 20 |

| | | | |
|---|---|---|---|
| 8. | ലളിതഗാനം | ശാരീരം | 25 |
| | | ശ്രുതിലയം | 25 |
| | | താളം | 25 |
| | | സാഹിത്യ ശുദ്ധിയും സംഗീത ശുദ്ധിയും | 25 |
| 9 | മാപ്പിളപ്പാട് | പാട്ടിന്റെ ഇശൽ | 20 |
| | | പാട്ടിന്റെ സാഹിത്യം | 20 |
| | | ശ്രുതിലയം | 20 |
| | | താളം | 20 |
| | | പാട്ടിന്റെ തനിമ | 20 |
| 10 | ഫാൻസി ഡ്രസ് | ആശയം | 15 |
| | | തന്മയത്വം | 15 |
| | | അഭിനയം | 20 |
| | | വേഷവും ചമയവും | 25 |
| | | അവതരണം | 25 |
| 11 | മിമിക്രി | അനുകരണ സാമർത്ഥ്യം | 25 |
| | | അഭിനയം | 20 |
| | | സംവേദനക്ഷമത | 20 |
| | | വിഷയാവതരണം | 15 |
| | | തന്മയത്വപൂർണ്ണമായ അവതരണം | 20 |
| 12 | നാടോടി നൃത്തം | അവതരണ ഭംഗി | 20 |
| | | വേഷം | 20 |
| | | ഭാവ പ്രകടനം | 20 |
| | | താളം | 20 |
| | | ചലന ഭംഗി | 20 |
| 13 | മോണോ ആക്ട് | സംഭാഷണവും ഭാഷാശുദ്ധിയും | 25 |
| | | അഭിനയം | 25 |
| | | സംവേദനക്ഷമത | 25 |
| | | വിഷായാവതരണം | 25 |
| | | തന്മയത്വപൂർണ്ണമായ അവതരണം | 25 |
| 16 | കൊളാഷ് | വിഷയാവിഷ്ക്കാരം | 20 |
| | | കളർ കോമ്പിനേഷൻ | 20 |
| | | പിക്ചർ കോമ്പിനേഷൻ | 20 |
| | | വിവിധ മാധ്യമങ്ങളുടെ സങ്കലനം | 20 |
| | | പൂർണ്ണത | 20 |
| 17 | കഥാപ്രസംഗം | ഉച്ചാരണ ശുദ്ധി, ഭാഷാ ശുദ്ധി | 20 |
| | | അവതരണം | 20 |
| | | ആശയാവിഷ്ക്കരണം | 20 |
| | | ഭാവപ്രകടനം | 20 |
| | | സാഹിത്യവും സംഗീതവും തമ്മിലുള്ള യോജിപ്പ് | 20 |

# ഗ്രൂപ്പ് ഇനങ്ങൾ

| | | | |
|---|---|---|---|
| 1. | സംഘനൃത്തം | നർത്തകർ തമ്മിലുള്ള യോജിച്ച് | 20 |
| | | വേഷവിധാനവും വിഷയത്തിന്റെ യോജിപ്പും | 20 |
| | | ചലന ഭംഗി | 20 |
| | | താളം | 20 |
| | | അവതരണ ഭംഗി | 20 |
| 2. | നാടൻ പാട്ട് | പാട്ടിന്റെ തനിമ | 15 |
| | | സാഹിത്യം | 15 |
| | | ഉച്ചാരണം | 15 |
| | | ഉപകരണം | 15 |
| | | ഈണം, താളം | 20 |
| | | ഏറ്റു പാട്ടുകാരുടെ യോജിപ്പ് | 20 |
| 3. | സംഘഗാനം | അവതരണരീതി | 20 |
| | | ശ്രുതി ലയം | 20 |
| | | ആശയവും സാഹിത്യ ഭംഗിയും | 20 |
| | | താളം | 20 |
| | | സംഘാംഗങ്ങൾ തമ്മിലുള്ള ചേർച്ച | 20 |
| 4. | തിരുവാതിര | വേഷത്തനിമ | 25 |
| | | ചലനം | 25 |
| | | താളം | 25 |
| | | ചുവട് | 25 |
| 5. | ഒപ്പന | പാട്ടിന്റെ ഇശൽ | 20 |
| | | പാട്ടിന്റെ സാഹിത്യം | 20 |
| | | താളവും കയ്യടിയുടെ ചേർച്ചയും | 20 |
| | | ശ്രുതിലയവും ശബ്ദഭംഗിയും | 20 |
| | | തനിമയാർന്ന അവതരണം | 20 |
| 6. | നാടകം | കഥാവസ്തുവും രചനയുടെ ശില്പ ഭംഗിയും | 20 |
| | | സംഭാഷണം | 20 |
| | | അഭിനയം | 20 |
| | | വേഷവും ചമയവും | 20 |
| | | അവതരണം | 20 |
| 7. | ശിങ്കാരി മേളം | മനോധർമ്മം | 20 |
| | | ലയം | 20 |
| | | വാദ്യോപകരണങ്ങളുടെ യോജിപ്പ് | 20 |
| | | താളം | 20 |
| | | നാദം | 20 |
| 8. | മാർഗ്ഗംകളി | വേഷത്തിന്റെ അനുയോജ്യത | 2 |
| | | ഭക്തിഭാവം | 20 |
| | | താളം | 20 |
| | | ശ്രുതിലയം | 20 |
| 9. | സ്കിറ്റ് | പ്രമേയം | 20 |
| | | അവതരണം | 20 |
| | | അഭിനയം | 20 |
| | | ഭാഷാശുദ്ധി | 20 |

| | | | |
|---|---|---|---|
| 10. | | ഉച്ചാരണ ശുദ്ധി, ഭാഷാ ശുദ്ധി | 20 |
| | | അവതരണം | 20 |
| | | ആശയാവിഷ്ക്കരണം | 20 |
| | | ഭാവപ്രകടനം | 20 |
| | | സാഹിത്യവും സംഗീതവും തമ്മിലുള്ള യോജിപ്പ് | 20 |
| 11. | മൈം | പ്രമേയം | 20 |
| | | വേഷവും ചമയവും | 20 |
| | | അഭിനയം | 20 |
| | | ആശയ സംവേദനക്ഷമത | 20 |

## മത്സരവിജയികൾക്കുള്ള ഫോർമാറ്റ് എഡിഎസ് തലം

എഡിഎസ്................................. താലൂക്ക്.......................................... ജില്ല.....................

| ക്രമ നം. | പേര് മേൽവിലാസം | എൻഎച്ച്ജിയുടെ പേര് | അംഗത്വ നമ്പർ | വിജയിച്ച ഇനം | സ്ഥാനം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| | | | | | | |

## മത്സരവിജയികൾക്കുള്ള ഫോർമാറ്റ് സിഡിഎസ് തലം

സിഡിഎസ്................................. താലൂക്ക്.......................................... ജില്ല.....................

| ക്രമ നം. | പേര് മേൽവിലാസം | എൻഎച്ച്ജിയുടെ പേര് | എഡിഎസ്സിന്റെ പേര് | അംഗത്വ നമ്പർ | വിജയിച്ച ഇനം | സ്ഥാനം | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| | | | | | | | |

## മത്സരവിജയികൾക്കുള്ള ഫോർമാറ്റ് താലൂക്ക് തലം

താലൂക്കിന്റെ പേര്............................... ജില്ല.....................

| ക്രമ നം. | പേര് മേൽവിലാസം | എൻഎച്ച്ജിയുടെ പേര് | സിഡിഎസ്സിന്റെ പേര് | അംഗത്വ നമ്പർ | വിജയിച്ച ഇനം | സ്ഥാനം | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| | | | | | | | |

## മത്സരവിജയികൾക്കുള്ള ഫോർമാറ്റ് ജില്ലാ തലം

ജില്ല....................

| ക്രമ നം. | പേര് മേൽവിലാസം | താലൂക്ക് പേര് | സിഡിഎസ്സിന്റെ പേര് | എൻഎച്ച്ജിയുടെ പേര് | അംഗത്വ നമ്പർ | വിജയിച്ച ഇനം | സ്ഥാനം | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|
| | | | | | | | | |

## മത്സരവിജയികൾക്കുള്ള ഫോർമാറ്റ് സംസ്ഥാന തലം

ജില്ല....................

| ക്രമ നം. | പേര് മേൽവിലാസം | ജില്ലയുടെ പേര് | സിഡിഎസ്സിന്റെ പേര് | എൻഎച്ച്ജിയുടെ പേര് | വിജയിച്ച ഇനം | സ്ഥാനം | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| | | | | | | | |

## അദ്ധ്യായം-5
# കുടുംബശ്രീ കായിക മത്സരം നടത്തിപ്പ് സംബന്ധിച്ച നിബന്ധനകൾ

4.1. കായിക മത്സരങ്ങൾ സിഡിഎസ്, ജില്ലാതലങ്ങളിൽ മാത്രമാണ് സംഘടിപ്പിക്കേണ്ടത്.

4.2. കായിക മത്സരങ്ങൾ ജില്ലാ മിഷൻ നിർദ്ദേശിക്കുന്ന ദിവസങ്ങളിൽ സംഘടിപ്പിക്കണം. കുടുംബശ്രീ കലാമത്സരം സംഘടിപ്പിക്കുന്നതിന് കുടുംബശ്രീ സംസ്ഥാന മിഷൻ നിർദ്ദേശിച്ചിരിക്കുന്ന തീയതിയിൽ തന്നെ കായിക മത്സരവും സംഘടിപ്പിക്കേണ്ടതാണ്.

4.3. സംഘാടക സമിതിയിൽ കായിക മത്സരങ്ങളുടെ വിദഗ്ദ്ധരെ കൂടി ഉൾപ്പെടുത്താം.

4.4. സിഡിഎസ്-ജില്ലാതല സംഘാടക സമിതിയിൽ കായിക മേഖലയുമായി പരിചയമുള്ള ആൾക്കാരെ പ്രവർത്തനങ്ങൾക്കായി നിയോഗിക്കേണ്ടതാണ്.

4.5 ഓരോ കായിക ഇനങ്ങളും നിശ്ചിത മാനദണ്ഡമനുസരിച്ച് നടത്തേണ്ടതാണ്. ഉദാ:- ഓട്ടം, വടംവലി മുതലായവ.

4.6 ഓട്ടം, റിലേ പോലുള്ള കായിക മത്സരങ്ങൾക്ക് സമയസൂചിക യന്ത്രം (ടൈമർ) ഉപയോഗിച്ച് പരാതിരഹിത മത്സരങ്ങൾ ആയി ഓരോ തലത്തിലും നടത്തേണ്ടതാണ്.

4.7 ഓരോ കായിക മത്സരങ്ങൾക്കും ആവശ്യമായ മുന്നൊരുക്കവും ആവശ്യമായ സ്ഥലവും കണ്ടെത്തി കൃത്യമായി പ്ലാൻ ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

4.8 വടംവലി മത്സരത്തിൽ വടം പുറത്തിട്ട് വലിക്കുന്ന രീതി അനുവദിക്കുന്നതല്ല. വടം പിടിച്ച് വലിക്കുന്ന രീതി മാത്രമേ അനുവദിക്കുകയുള്ളു. പിറകിൽ നിൽകുന്ന ആളിന് വടം പുറത്ത് ഇട്ട് വലിക്കാവുന്നതാണ്.

4.9. വടം വലിക്കുള്ള വടം അതാത് തലത്തിൽ സംഘാടകൾ സജ്ജമാക്കേണ്ടതാണ്.

**<u>മത്സരങ്ങൾ</u>**

4.10 മത്സരങ്ങൾ സിഡിഎസ് - ജില്ലാ തലങ്ങളിലാണ് ഉള്ളത്.

4.11 അയൽക്കൂട്ട അംഗങ്ങൾക്ക് മാത്രമായി മത്സരം പരിമിതപ്പെടുത്തിയിരിയ്ക്കുന്നു.

4.12 സിഡിഎസ്സിൽ നിന്ന് മത്സരിച്ച് വിജയിച്ചവർക്കു മാത്രമേ ജില്ലാതല മത്സരത്തിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളു.

4.13 താഴെപറയുന്ന ഇനങ്ങളിൽ മത്സരം ഉണ്ടായിരിക്കും

4.14 വ്യക്തിഗത/ഗ്രൂപ്പ് ഇനങ്ങൾക്ക് പോയിന്റ് തീരുമാനിക്കുന്ന രീതി ചുവടെ നൽകുന്നു

.

| വ്യക്തിഗതം | ലഭിക്കുന്ന മാർക്ക് |
|---|---|
| 1 | 5 |
| 2 | 3 |
| 3 | 1 |
| **ഗ്രൂപ്പ്** | **ലഭിക്കുന്ന മാർക്ക്** |
| 1 | 10 |
| 2 | 5 |
| 3 | 3 |

| നമ്പർ | ഇനം | നീളം/സമയം | മത്സര തലം | പങ്കെടുക്കുന്നവരുടെ പരമാവധി എണ്ണം |
|---|---|---|---|---|
| 1. | ഓട്ടം | 100 മീറ്റർ | സിഡിഎസ്/ജില്ല | 1 |
| | | 200 മീറ്റർ | സിഡിഎസ്/ജില്ല | 1 |
| | | 400 മീറ്റർ | സിഡിഎസ്/ജില്ല | 1 |
| | | 800 മീറ്റർ | സിഡിഎസ്/ജില്ല | |
| 2. | റിലേ | 100 ഃ 4 | സിഡിഎസ്/ജില്ല | |
| 3. | ലോംഗ് ജംമ്പ് | | സിഡിഎസ്/ജില്ല | |
| 4. | നടത്തം | 800 മീറ്റർ | സിഡിഎസ്/ജില്ല | |
| 5. | വടം വലി | | സിഡിഎസ്/ജില്ല | |
| 6. | ഷോട്ട് പുട്ട് | 4 കിലോ | സിഡിഎസ്/ജില്ല | |
| **7.** | വോളിബോൾ | Best of three | താലൂക്ക്/ജില്ല/ | **12** |
| **8.** | ഫുട് ബോൾ | 90 മി | താലൂക്ക്/ജില്ല | 18 |

# അദ്ധ്യായം-6
# കമ്മിറ്റികളും ചുമതലകളും

**സ്വീകരണ കമ്മിറ്റി**

ചുമതലകൾ: നിർവാഹക സമിതി/സംഘാടക സമിതി പ്രസിഡന്റ്/ജനറൽ കൺവീനർമാരുമായി ആലോചിച്ച് കലോത്സവത്തിന്റെ ഉദ്ഘാടനം, സമാപനം തുടങ്ങിയ പ്രധാന ചടങ്ങുകൾക്കാവശ്യമായ അതിഥികളെ ക്ഷണിക്കുക. ചടങ്ങുകൾ ചിട്ടയായി നടത്തുക, സ്വാഗതഗാനം തയ്യാറാക്കി അവതരിപ്പിക്കുക, ക്ഷണിക്കേണ്ടവരുടെ ലിസ്റ്റ് തയ്യാറാക്കി അംഗീകാരം വാങ്ങുക, ക്ഷണകത്തുകൾ അച്ചടിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക. അതിഥികളെയും വിവിധ ജില്ലകളിൽ നിന്നും വരുന്ന സംഘങ്ങളെയും സ്വീകരിക്കുക, ഉദ്ഘാടന സമാപന ചടങ്ങുകൾക്കു മോടി വരുത്തുക (ബാനർ ഉൾപ്പെടെ തയ്യാറാക്കുക)

**ഭക്ഷ്യകാര്യ കമ്മിറ്റി**

ചുമതല: മത്സരത്തിൽ പങ്കെടുക്കവാൻ വരുന്നവർ അവരെ അനുഗമിക്കുന്ന ഉദ്യോഗസ്ഥർ, അതിഥികൾ, വിധികർത്താക്കളായി വരുന്നവർ, വിവിധ വകുപ്പുതല ഉദ്യോഗസ്ഥന്മാർ, സന്നദ്ധസേവനം ചെയ്യുന്നവർ, നടത്തിപ്പുകാർ, മാധ്യമ പ്രതിനിധികൾ എന്നിവർക്കെല്ലാം ഭക്ഷണം കലോത്സവ സ്ഥലത്തു നൽകുക. ഭക്ഷണ കൂപ്പണുകൾ അച്ചടിച്ചു വിതരണത്തിനായി രജിസ്ട്രേഷൻ കമ്മിറ്റിയെ ഏൽപ്പിക്കുക. വിവിധകർത്താക്കളായി വരുന്നവർക്കു ഭക്ഷണത്തിനു പ്രത്യേക സൗകര്യം സജ്ജീകരിക്കേണ്ടതാണ്.

**പ്രോഗ്രാം കമ്മിറ്റി**

ചുമതലകൾ: കലോത്സവ മത്സരങ്ങൾ കുറ്റമറ്റ രീതിയിൽ നടത്തുന്ന ഉത്തരവാദിത്വമുള്ള ജോലിയാണ്. ഈ കമ്മിറ്റിക്കുള്ളത്. കലോത്സവം നടക്കുന്നതിനു മുമ്പായി താഴെപറയുന്ന പ്രോഗ്രാം കമ്മിറ്റി തയ്യാറാക്കണം.

1. താഴെത്തലങ്ങളിൽ നിന്നും ലഭിക്കുന്ന മത്സരാർത്ഥികളുടെ ലിസ്റ്റുകൾ ശരിയായി പരിശോധിച്ച് തെറ്റുകളോ കുറവുകളോ ഉണ്ടെങ്കിൽ അവ പരിഹരിച്ച് മത്സരിക്കുന്നവരുടെ അന്തിമ ലിസ്റ്റ് തയ്യാറാക്കുക.
2. ഓരോ ഇനത്തിലും മത്സരിക്കുന്നവരുടെ പട്ടിക (ജൂനിയർ, സീനിയർ തിരിച്ച്)
3. ഓരോ മത്സരത്തിനും ആവശ്യമായ സ്കോർ ഷീറ്റ്, ടൈം ഷീറ്റ്, ടാബുലേഷൻ ഷീറ്റ്, സ്കോർ ബോർഡ് മുതലയാവ.
4. മത്സരങ്ങൾ നടത്തുന്നതിനുള്ള വിശദമായ കാര്യപരിപാടി.
5. മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് നൽകാനുള്ള കോഡു നമ്പരുകൾ

6. മത്സരത്തിൽ പങ്കെടുക്കുവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്ന പത്രിക.
7. കലോത്സവത്തിന്റെ സുഗമമായ നടത്തിപ്പിനാവശ്യമായ ഉദ്യ്യോഗസ്ഥരെ/ വോളന്റിയേഴ്സിനെ നിയോഗിക്കുകയും അവരുടെ ചുമതല നിശ്ചയിച്ചു നൽകുകയും ചെയ്യുക. അവരുടെ പേർ വിവരങ്ങളും ഫോൺ നമ്പരും ജനറൽ കൺവീനർക്ക് നൽകുക.
8. കലോത്സവത്തോടൊപ്പം കായിക മേളയുടെ നടത്തിപ്പിനുള്ള ക്രമീകരണങ്ങൾ ചെയ്യുക.

**പ്രോഗ്രാം കമ്മിറ്റിയുടെ മറ്റു പ്രധാന ചുമതലകൾ താഴെ കൊടുക്കുന്നു**

1. മത്സരിക്കുന്നവർക്കു കോഡു നമ്പരുകൾ യഥാസമയം നൽകുക.
2. വിവിധ വേദികളിൽ അറിയിപ്പുകൾ നൽകുക.
3. ഓരോ മത്സരത്തിന്റെയും സമയം ആസൂത്രണം ചെയ്തതു പോലെ കൃത്യമായി പാലിക്കുക. മത്സരത്തിൽ പങ്കെടുക്കേണ്ടവർക്ക് സമയനഷ്ടം കൂടാതെ വേദിയിൽ ഹാജരാക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്യുക.
4. മത്സരാർത്ഥികൾ കൃത്യസമയത്തു തന്നെ വേദിയിൽ ഹാജരാകാത്ത പക്ഷം അവർക്ക് അയോഗ്യത കല്പിക്കുക.
5. വിധികർത്താക്കൾക്കു മത്സരങ്ങൾ വിലയിരുത്തുന്നതിന് ആവശ്യമായ സൗകര്യം ഏർപ്പെടുത്തുക. അവരുടെ ഭക്ഷണം തുടങ്ങിയ കാര്യങ്ങൾ ശ്രദ്ധിക്കുക.
6. വിധികർത്താക്കൾക്ക് സ്കോർ ഷീറ്റുകൾ ഒപ്പം തന്നെ റിമാർക്ക് ഷീറ്റുകളും യഥാസമയം നൽകുകയും അവരുടെ ബയോഡാറ്റ ശേഖരിച്ചു സൂക്ഷിക്കുകയും അവരുടെ പേരും യോഗ്യതയും മത്സരത്തിനുമുമ്പ് വേദിയിൽ പ്രസ്താവിക്കുകയും ചെയ്യുക.
7. മൂല്യനിർണ്ണയോപാധി സഹിതമുള്ള സ്കോർഷീറ്റിന് ജനറൽ കൺവീനറുടെ അംഗീകാരം വാങ്ങുക.
8. സ്കോർ ബോർഡിൽ യഥാസമയം പോയിന്റുകൾ രേഖപ്പെടുത്തുക.
9. ട്രോഫികമ്മിറ്റിക്കും മീഡിയ കമ്മിറ്റിക്കും ആവശ്യമായ മത്സരഫലങ്ങൾ നൽകുക.
10. ഓരോ ദിവസവും നടത്തുന്ന മത്സരങ്ങളിൽ പങ്കെടുക്കുന്നവരുടെ സർട്ടിഫിക്കറ്റുകൾ തയ്യാറാക്കി അതതു ദിവസങ്ങളിൽ തന്നെ വിതരണം ചെയ്യുക. (സംസ്ഥാനതല മത്സരത്തിനാവശ്യമായ സർട്ടിഫിക്കറ്റുകൾ അച്ചടിച്ചു എന്ന് ഉറപ്പുവരുത്തുക)
11. ഓരോ മത്സരവും ആരംഭിക്കുന്നതിനു മുമ്പ് വേദിയുടെ ക്രമീകരണം, ലൈറ്റ് & സൗണ്ട്, ഇടവേളകളിലുള്ള ശുചീകരണം എന്നിവയുടെ കുറ്റമറ്റ സജ്ജീകരണം ഉറപ്പുവരുത്തുക.
12. വിവിധ മത്സരങ്ങളിൽ പങ്കെടുക്കുന്ന ഒരേ കലാകാരികൾക്ക് വെവ്വേറെ സമയം ലഭിക്കത്തക്കവണ്ണം പ്രോഗ്രാം ക്രമീകരിക്കുക.

13. ഉയർന്ന തലങ്ങളിലുള്ള മത്സരങ്ങൾക്കായി വിജയികളുടെ പട്ടിക തയ്യാറാക്കി മേൽത്തലങ്ങൾക്കു നൽകുക.
14. സ്റ്റേജിലെ ക്രമീകരണങ്ങൾക്ക് (കർട്ടൻ നിയന്ത്രണം ഉൾപ്പെടെ) ആളുകളെ ഏർപ്പെടുത്തുക.
15. കോഡ് നമ്പരുകൾ പ്രദർശിപ്പിക്കുന്നതിനായി സ്റ്റാൻഡുകൾ തയ്യാറാക്കുക.
16. മത്സരം കഴിഞ്ഞാലുടൻ സ്കോർ ഷീറ്റ്, റിമാർക്സ് ഷീറ്റ്, ടാബുലേഷൻ ഷീറ്റ് വിധികർത്താക്കളുടെ അഭിപ്രായ കുറിപ്പ്, സ്റ്റേജ് മാനേജരുടെ റിപ്പോർട്ട് എന്നിവ ശേഖരിച്ച് പ്രോഗ്രാം കമ്മിറ്റി കൺവീനർക്ക് നൽകുക.
17. മത്സരയിനങ്ങളെ സംബന്ധിച്ച നിയമങ്ങളും നിബന്ധനകളും മത്സരം തുടങ്ങുന്നതിന് മുമ്പ് വേദിയിൽ പ്രഖ്യാപിക്കുക.

**എഫ്) വെൽഫെയർ കമ്മിറ്റി**

**ചുമതലകൾ :**

കലോത്സവത്തിൽ പങ്കെടുക്കുന്നവരുടെയും ഔദ്യോഗിക ഭാരവാഹി കളുടെയും ക്ഷേമവും ആരോഗ്യപരിപാലനവുമാണ് ഈ കമ്മിറ്റിയുടെ ചുമതലകൾ. പൊതുജനാരോഗ്യവകുപ്പുമായി ബന്ധപ്പെട്ട് ഏതുസമയവും വൈദ്യസഹായവും പ്രഥമശുശ്രൂഷയും കിട്ടുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യണം. പങ്കെടുക്കുന്നവരുടെ താമസസ്ഥലത്തും മത്സരങ്ങൾ നടക്കുന്നസ്ഥലത്തും കുടിവെള്ളം ലഭ്യമാക്കണം. ഭക്ഷണശാലയിൽ ശുചീകരണത്തിനുവേണ്ട ഏർപ്പാടുകൾ ചെയ്യണം. ഇക്കാര്യത്തിൽ ബന്ധപ്പെട്ട മുനിസിപ്പാലിറ്റി/കോർപ്പറേഷൻ/ഗ്രാമപഞ്ചായത്ത് സഹകരണം തേടാവുന്നതാണ്. ഗ്രീൻ പ്രോട്ടോകോൾ, ഫയർഫോഴ്സിന്റെ സേവനം എന്നിവ ഉറപ്പാക്കണം. കലോത്സവവുമായി ബന്ധപ്പെട്ട മറ്റു സ്ഥലങ്ങളിലും ഭക്ഷണപുരയിലും കൺവീനർ നിർദ്ദേശിക്കുന്ന പ്രകാരം ശുചിമുറികൾ സജ്ജീകരിക്കണം.

**ജി) രജിസ്ട്രേഷൻ കമ്മിറ്റി**

**ചുമതലകൾ**

1. വിവിധ ജില്ലകളിൽ നിന്നുവരുന്ന സംഘങ്ങളെ രജിസ്റ്റർ ചെയ്യുകയും അവരെ അക്കോമൊഡേഷൻ സമിതിക്ക് ഏല്പിച്ചുകൊടുക്കുകയും ചെയ്യുക.
2. അതതുസമയം ആവശ്യമായ ഭക്ഷണകൂപ്പണുകൾ വിവിധ കമ്മിറ്റികൾക്കും ടീം മാനേജർക്കും നൽകുക.

3. ബാഡ്ജുകളും രജിസ്ട്രേഷൻ കാർഡുകളും തയ്യാറാക്കി വിതരണം ചെയ്യുക. വിവിധ കമ്മിറ്റികളിൽ വോളന്റിയർമാരായി പ്രവർത്തിക്കുന്നവർക്കുള്ള ബാഡ്ജുകൾ അതതു കമ്മിറ്റികൾ തയ്യാറാക്കി വിതരണം ചെയ്യേണ്ടതാണ്.

**എച്ച്) അക്കൊമൊഡേഷൻ കമ്മിറ്റി**

**ചുമതലകൾ**

1. ഈ കമ്മിറ്റി രജിസ്ട്രേഷൻ കമ്മിറ്റിയുമായി സഹകരിച്ചു പ്രവർത്തിക്കേണ്ടതാണ്. വിവിധ ജില്ലകളിൽനിന്നു വരുന്നവർക്കു താമസസ്ഥലം നിശ്ചയിച്ചു സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.
2. വെള്ളം, വെളിച്ചം, കുളിമുറി, ശുചിമുറി തുടങ്ങിയവ കലാകാരികൾ താമസിക്കുന്ന സ്ഥലത്ത് ആവശ്യാനുസരണം ഏർപ്പെടുത്തണം. വെള്ളത്തിന്റെ സുഗമമായ ലഭ്യതയ്ക്കും താല്ക്കാലിക ജലവിതരണത്തിനും വൈദ്യുതി തടസ്സംകൂടാതെ ലഭിക്കുന്നതിനും പ്രത്യേക ക്രമീകരണങ്ങൾ ക്യാമ്പുകളിൽ ചെയ്യേണ്ടതാണ്.
3. സംസ്ഥാനതല മത്സരത്തിൽ വിധികർത്താക്കൾക്കായി മുൻകൂട്ടി ബുക്കു ചെയ്ത മുറികളുടെ വിവരം പ്രോഗ്രാം കമ്മിറ്റി കൺവീനർക്ക് കൈമാറണം.

**ഐ) ട്രാൻസ്പോർട്ട് കമ്മിറ്റി**

**ചുമതലകൾ** : മത്സരങ്ങളിൽ പങ്കെടുക്കുവാൻ എത്തുന്ന സംഘങ്ങൾക്കും അതിഥികൾക്കും ആവശ്യമായ വാഹനങ്ങൾ ഏർപ്പെടുത്തുക. റെയിൽവേ, സ്റ്റേറ്റ് ട്രാൻസ്പോർട്ട്, പൊതുസർവീസ് നടത്തുന്ന പ്രൈവറ്റ് ബസ്സുടമകൾ, സ്കൂൾ ബസ്സുകൾ തുടങ്ങിയവരെ സമീപിച്ച് മത്സരസ്ഥലത്തേക്കും അവിടെ നിന്നു തിരികെയും പ്രത്യേക സർവ്വീസുകൾ നടത്തിക്കുവാൻ ശ്രദ്ധിക്കുക. വിവിധ മത്സരവേദികൾ ബന്ധിപ്പിച്ച് വാഹന സൗകര്യവും ഏർപ്പെടുത്തണം. (ആവശ്യമെങ്കിൽ)

**ജെ) ട്രോഫി കമ്മിറ്റി**

**ചുമതലകൾ :**

1. ആവശ്യമായ ട്രോഫികൾ/ഷീൽഡുകൾ മത്സര ഇനങ്ങളുടെ പട്ടിക അനുസരിച്ച് തയ്യാറാക്കുക.
2. പ്രോഗ്രാം കമ്മിറ്റി ഓരോ ദിവസവും നൽകുന്ന പട്ടിക അനുസരിച്ച് ട്രോഫികളും സർട്ടിഫിക്കറ്റുകളും ക്രമത്തിൽ അടുക്കിവച്ച് അവ അതതു ദിവസം തന്നെ വിത രണം നടത്തുക.
3. ട്രോഫികൾ സ്വീകരിന്നതിനു തെളിവായി ടീം മാനേജരെക്കൊണ്ട് ട്രോഫി രജിസ്റ്ററിൽ ഒപ്പു വയ്പ്പിക്കുക.
4. കലോത്സവത്തിന്റെ സമാപനചടങ്ങിൽ വച്ച് ഓവറോൾ ചാമ്പ്യൻഷിപ്പുകളും അവയുടെ സർട്ടിഫിക്കറ്റുകളും പ്രത്യേക സമ്മാനങ്ങളും വിതരണം ചെയ്യുക.

5. ട്രോഫി രജിസ്റ്റർ പൂർത്തിയാക്കി കലോത്സവം കഴിഞ്ഞ ഉടൻതന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഏൽപ്പിക്കുക.

**കെ) സ്റ്റേജ്, പന്തൽ, ലൈറ്റ് & സൗണ്ട് കമ്മിറ്റി**

**ചുമതലകൾ**

1. വിവിധ കമ്മിറ്റികൾ, ജനറൽ കൺവീനർ എന്നിവരുമായി ആലോചിച്ച് ആവശ്യമായ സ്റ്റേജുകൾ, ഗ്രീൻ റൂമുകൾ, കർട്ടൻ എന്നിവ ക്രമീകരിക്കുക. ഗ്രീൻ റൂമുകളിൽ വാഷ്ബേസിനുകൾ സ്ഥാപിച്ച് വെള്ളം എത്തിക്കുക. ഭക്ഷണം പാകം ചെയ്യുന്നതിനും വിതരണത്തിനും പന്തലുകൾ സജ്ജീകരിക്കുക.
2. പന്തലുകൾ നിർമ്മിക്കുകയും മോടിപിടിപ്പിക്കുകയും ചെയ്യുക. .
3. വേണ്ടരീതിയിൽ ഇരിപ്പിടങ്ങൾ ക്രമീകരിക്കുക. സ്ത്രീകൾക്കും കുട്ടികൾക്കും പുരുഷൻമാർക്കും സൗകര്യപ്രദമായ രീതിയിൽ ഇരിപ്പിടം ഒരുക്കണം. വിധികർത്താക്കളുടെ ഇരിപ്പിടങ്ങൾ പ്രത്യേകം വേർതിരിച്ച് സ്ഥലത്തായിരിക്കണം. മാധ്യമ പ്രവർത്തകർക്കുള്ള ഇരിപ്പിടങ്ങളും പ്രത്യേകം സജ്ജീകരിച്ചു നൽകണം. പന്തലുകൾ ഇൻഷ്വർ ചെയ്യുകയും അഗ്നിശമന സേനയുടെ സേവനം ഉറപ്പാക്കുകയും ചെയ്യുക. വേദികളുടെ ഉറപ്പിന് പൊതുമരാമത്തു വകുപ്പിൽ നിന്നു ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങുക. (പന്തൽ കെട്ടുന്ന പക്ഷം)
4. പ്രധാനവേദികൾ, പ്രോഗ്രാം കമ്മിറ്റി റൂം, വിധികർത്താക്കളെ വിന്യസി□പ്പിക്കുന്ന ആഫീസ്, മീഡിയാ സെന്റർ എന്നിവയുമായി ബന്ധിപ്പിച്ചുള്ള ടെലിഫോൺ സംവിധാനം ഏർപ്പെടുത്തുക.
5. വേദികളിലേക്കും പന്തലിലേക്കും ആവശ്യമായ ഫർണിച്ചർ, ഫാൻ, മത്സരങ്ങൾക്കാവശ്യമായ വിളക്ക്, പറ മുതലായവ ലഭ്യമാക്കുക.
6. വേദികളിൽ ആവശ്യമായ ബാനറുകൾ, വേദിനമ്പരുകൾ എന്നിവ എഴുതി പ്രദർശിപ്പിക്കുക.
7. ഐറ്റി വിഭാഗത്തിന് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
8. പ്രദർശനത്തിനും കച്ചവടത്തിനും ആവശ്യമായ സ്റ്റാളുകൾ നിർദ്ദേശാനുസരണം കെട്ടി നൽകുക.
9. പന്തൽ, വേദികൾ, സ്റ്റാളുകൾ, ഗ്രീൻ റൂം, താമസസ്ഥലങ്ങൾ, പാചകപ്പുര, ഇതിനോടനുബന്ധിച്ചുള്ള മറ്റു സ്ഥലങ്ങൾ, ഭക്ഷണപ്പുര, വിവിധ ഓഫീസുകൾ, മീഡിയാ സെന്ററുകൾ തുടങ്ങിയ സ്ഥലങ്ങളിൽ എല്ലാ സമയവും വെളിച്ചം ലഭിക്കാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുക.
10. വേദികളിലും സ്റ്റാളുകളിലും ആവശ്യത്തിനു പ്ലഗ് പോയിന്റ്, ആവശ്യത്തിനുള്ള ലീഡുകൾ, മൈക്ക് ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾ എന്നിവ സജ്ജീകരിക്കുക.

11. ഫീഡ്ബാക്ക് സ്പീക്കറുകൾ സ്റ്റേജുകളിൽ സജ്ജീകരിക്കുക.
12. ജനറേറ്റർ സൗകര്യം ഉറപ്പാക്കുക.
13. സ്വാഗതഗാനത്തിന് (സംസ്ഥാനതലം) ആവശ്യമായ ലൈറ്റ് ക്രമീകരണങ്ങൾ സ്വീകരണ കമ്മിറ്റിയുമായി ചേർന്നു ചെയ്യുക.
14. ഭക്ഷണകമ്മിറ്റി, ട്രാൻസ്പോർട്ട് കമ്മിറ്റി, രജിസ്ട്രേഷൻ കമ്മിറ്റി, പബ്ലിസിറ്റി കമ്മിറ്റി എന്നിവർക്കുവേണ്ട മൈക്ക് സൗകര്യങ്ങൾ സജ്ജീകരിക്കുക.
15. വേദിയിൽ യാതൊരാക്ഷേപത്തിനും ഇടവരാത്തവിധമുള്ള സൗണ്ട്സിസ്റ്റം ക്രമീകരിക്കുക.
16. വിവിധ സ്റ്റാളുകൾ, പ്രവർത്തന ശാലകൾ എന്നിവയ്ക്ക് ജനറൽ കൺവീനറുടെ നിർദ്ദേശ പ്രകാരം സൗകര്യങ്ങൾ നൽകുക.
17. വൈദ്യുതി സുരക്ഷയുമായി ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ വാങ്ങുക.

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

## അനുബന്ധം - I

## കുടുംബശ്രീ കലോത്സവം

## അപ്പീൽ സമർപ്പിക്കുന്നതിനുള്ള അപേക്ഷാ ഫാറം

1. മത്സരാർത്ഥിയുടെ പേര് :
2. കാറ്റഗറി :
3. സി ഡി എസിന്റെ പേര് :
4. ജില്ലയുടെ പേര് :
5. ജില്ലയുടെ പേര് :
6. പങ്കെടുത്ത ഇനം :
7. വേദിയുടെ പേരും നമ്പരും :
8. രജിസ്റ്റർ നമ്പർ :
9. കോഡ് നമ്പർ :
10. മത്സരത്തിൽ ലഭിച്ച സ്ഥാനം :
11. മത്സരം നടന്ന തീയതിയും സമയവും :
12. വിധി പ്രഖ്യാപനം നടത്തിയ തീയതി :
13. അപ്പീൽ സമർപ്പിക്കാനുണ്ടായ കാരണം :

14. മത്സരാർത്ഥിയുടെ ഒപ്പ് :
15. ടീം മാനേജരുടെ പേരും ഒപ്പും :
16. അപ്പീൽ സമർപ്പിക്കുന്ന തീയതിയും സമയവും :

### ആഫീസ് ഉപയോഗത്തിന്

1. അപ്പീൽ നമ്പർ :
2. അപ്പീൽ ഫീസിന്റെ രസീത് നമ്പരും തീയതിയും:
3. അപ്പീൽ കേൾക്കുന്നതിനുള്ള സമയം :
4. റിമാർക്ക്സ്

**ഒപ്പ്**

**ചെയർമാൻ അപ്പീൽ കമ്മിറ്റി**

## അനുബന്ധം - II

## കുടുംബശ്രീ കലോത്സവം

## അപ്പീൽ തീർപ്പാക്കിക്കൊണ്ടുള്ള നടപടി ഉത്തരവ്

വിഷയം :

സൂചന :

ഉത്തരവ് നമ്പർ.......................................തീയതി.................................................

മത്സരാർത്ഥിയുടെ പരാതിയുടെ വിശദാംശം

**കാര്യകാരണ വിശകലന റിപ്പോർട്ട്**

**അപ്പീലിൻമേലുള്ള തീരുമാനം**

**ഒപ്പ്**
**ചെയർമാൻ**
**അപ്പീൽ കമ്മിറ്റി**

**മത്സരാർത്ഥിയുടെ പേരും വിലാസവും**

## അനുബന്ധം - III

## കുടുംബശ്രീ കലോത്സവം

## (വിധികർത്താക്കൾ/അപ്പീൽ കമ്മിറ്റി അംഗങ്ങൾക്കുള്ളത്)

### <u>സത്യപ്രസ്താവന</u>

എന്റെ മക്കളോ ബന്ധുക്കളോ ശിഷ്യൻമാരോ ആരും തന്നെ ഞാൻ വിധിനിർണ്ണയം നടത്തുന്ന/അപ്പീലിന് വിധേയമായ മത്സര ഇനത്തിൽ പങ്കെടുക്കുന്നില്ല. ഞാൻ ഈ വർഷം ഉപജില്ല/ജില്ല മത്സരങ്ങളിൽ വിധികർത്താവായിട്ടില്ല എന്നും സാക്ഷ്യപ്പെടുത്തുന്നു. ബാഹ്യ സ്വാധീനങ്ങൾക്കോ പ്രേരണകൾക്കോ വശപ്പെടാതെ നീതിനിഷ്ഠമായ മനസ്സോടോ വിധിനിർണ്ണയം നടത്തുകയാണ് എന്നിൽ അർപ്പിതമായിരിക്കുന്ന കർത്തവ്യം എന്ന് എനിക്ക് ബോധ്യമുള്ളതാകുന്നു.

ഒപ്പ് :

പേര് :

മേൽവിലാസം :

ഫോൺ നമ്പർ :

ഇ-മെയിൽ ഐഡി :

## അനുബന്ധം - IV

## കുടുംബശ്രീ കലോത്സവം

## സ്റ്റേജ് മാനേജരുടെ ഡയറി

| | | |
|---|---|---|
| മത്സരദിനം | : | |
| വേദിയുടെ പേരും നമ്പരും | : | |
| ഇനം | : | |
| വിഭാഗം | : | |
| രജിസ്റ്റർ ചെയ്തവരുടെ എണ്ണം | : | |
| റിപ്പോർട്ടു ചെയ്തവരുടെ എണ്ണം | : | |
| മത്സരത്തിൽ പങ്കെടുത്തവരുടെ എണ്ണം (കോഡ് നമ്പർ സഹിതം) | : | |
| മത്സരം ആരംഭിച്ച സമയം | : | |
| വേദി, പ്രകാശ-ശബ്ദ-വൈദ്യൂതി സംവിധാനങ്ങളിൽ അപാകതയുണ്ടായിരുന്നോ? | : ഉണ്ട്/ഇല്ല | |
| അതെ എങ്കിൽ വൈദ്യുതിയുടെ സ്വഭാവം | : | |
| അപാകതകൾ വേദിയിൽ പരിഹരിച്ചിരുന്നുവോ? | : | |
| മത്സരാർത്ഥിയോ ടീം മാനേജരോ ഫലപ്രഖ്യാ-പനത്തിനു മുമ്പ് വല്ല പരാതിയും ശ്രദ്ധയിൽ പ്പെടുത്തിയിരുന്നുവോ? | : ഉണ്ട്/ഇല്ല | |

കലോത്സവ മാന്വൽ അനുശാസിക്കുന്ന പ്രകാരമാണ് വേദിയിൽ മത്സരങ്ങൾ നടന്നതെന്നു സാക്ഷ്യപ്പെടുത്തുന്നു.

**സ്റ്റേജ് മാനേജർ**

പേര്.......................................ഒപ്പ്......................

ഫോൺ നമ്പർ.................................................

## അനുബന്ധം - V

## കുടുംബശ്രീ കലോത്സവം

## വിധികർത്താവിന്റെ പ്രതികരണ പത്രിക

മത്സരദിനം :

വേദിയുടെ പേരും നമ്പരും :

ഇനം :

വിഭാഗം :

മത്സരം പൊതുവെ

- മികച്ചത് ☐
- ശരാശരിക്കു മേലെ ☐
- ശരാശരി ☐
- ശരാശരിക്കു താഴെ ☐

താങ്കളുടെ വിധി നിർണ്ണയത്തിൽ മികച്ച നിലവാരം പുലർത്തിയ ആദ്യ അഞ്ചു പേരുടെ പ്രകടനത്തെക്കുറിച്ചുള്ള അഭിപ്രായം :

വിധികർത്താവിന്റെ പേര്, ഒപ്പ് :

ഫോൺ നമ്പർ :

## പൊതുനിർദ്ദേശങ്ങൾ

1. ഇനം തിരിച്ച് മാർക്ക് സഹിതമുള്ള മൂല്യനിർണ്ണയോപാധികൾ സ്കോർഷീറ്റിൽ ഉണ്ടായിരിക്കണം.

2 വേദിയിൽ ഫലപ്രഖ്യാപനം നടത്തിയ ഉടനെത്തന്നെ വിധികർത്താക്കളുടെ പ്രതികരണ പത്രിക സ്റ്റേജ് മാനേജരുടെ ഡയറി, സ്കോർഷീറ്റ്, റിസൽട്ട് എന്നിവ എത്രയും പെട്ടെന്ന് പ്രോഗ്രാം കമ്മിറ്റി കൺവീനർവശം എത്തിക്കാൻ ഒരു കോ-ഓർഡിനേറ്ററെ ചുമതലപ്പെടുത്തണം.

**APPENDIX IV**

**KUDUMBASHREE KALOLSAVAM**

**(For Judges and Appeal Committee Member)**

**Declaration**

I hereby declare that none of my Wards/Relatives are participating in any of the competitions for which I am a judge/appeal committee member. Further I do declare that I have not performed as a judge in Teacher District level competitions during this financial year. I am fully aware of the fact that being a member of Jury Committee/Appeal Committee my decisions should be judicious and impartial and it should not be influenced by any external factors.

Signature :

Name :

Address :

place :

Date :

Phone No :

E-mail Address